കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# എരമം-കുറ്റൂർ ഗ്രാമ പഞ്ചായത്ത്
# ഓഡിറ്റ് റിപ്പോർട്ട് 2015-16

## ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ

e-mail:lfaddistofficeknr@gmail.com

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

കെഎസ്എ/കെഎൻആർ/സി1/3/2017.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം,കണ്ണൂർ.
ഇ-മെയിൽ lfaddistofficeknr@gmail.com

വെബ് www.lfa.kerala.gov.in

ഫോൺ 0497-2707698

തീയതി : 01.02.2017.

ഡെപ്യൂട്ടി ഡയറക്ടർ.

പ്രസിഡന്റ് ( സെക്രട്ടറി മുഖേന),

എരമം-കുറ്റൂർ ഗ്രാമപഞ്ചായത്ത്.

സർ,

വിഷയം:- എരമം-കുറ്റൂർ ഗ്രാമപഞ്ചായത്ത് - 2015-16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

*************

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994-ലെ കേരളാ പഞ്ചായത്ത്‌രാജ് നിയമം 215(4)വകുപ്പ് എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം എരമം-കുറ്റൂർ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ 2,3 ഭാഗങ്ങളിലെ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത്‌രാജ്-പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) 1997 കേരളാ പഞ്ചായത്ത്‌രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ.

പകർപ്പ് :

1) കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം(ഇ-മെയിൽ വഴി)

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ (ഉപരിപത്രം സഹിതം)

3) കാര്യാലയ പകർപ്പ്.

PVP

നം.കെഎസ്എ/കെഎൻആർ/സി.1/3/2017.

തിയ്യതി:01.02.2017.

# കണ്ണൂർ ജില്ലയിലെ എരമം-കുറ്റൂർ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

*(1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്).*

## ആമുഖം

കണ്ണൂർ ജില്ലയിലെ എരമം-കുറ്റൂർ ഗ്രാമ പഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 10-12-15 മുതൽ 21-12-16 തീയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 20 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 18 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമുണ്ടായിരിക്കുന്നതല്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ. അശോകൻ മഠത്തിൽ,<br><br>ഡെപ്യൂട്ടി ഡയരക്ടർ. |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 22-12-16 മുതൽ<br>31-12-16 വരെ |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേര്

| | |
|---|---|
| കുമാരി.ചന്ദ്രി. കെ.വി. | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ.ഗണേശൻ കേളോത്ത് | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| ശ്രീമതി.സബിത.കെ | ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

പ്രസിഡന്റ്

| | |
|---|---|
| ശ്രീ.കെ.ബി.ബാലകൃഷ്ണൻ | 1-4-15 മുതൽ31-10-15 വരെ |
| ഭരണ നിർവഹണ കമ്മിറ്റി<br>(01-11-15 മുതൽ 11-11-15 വരെ) | ശ്രീ.സതീശൻ.കെ.വി.<br>(സെക്രട്ടറി) |
| | ശ്രീമതി.റാണി ജേക്കബ്ബ്<br>(കൃഷി ഓഫീസർ) |
| | ശ്രീമതി.ലൂസി.സി.ഡി.<br>(ഐ.സി.ഡി.എസ്.സൂപ്പർവൈസർ |
| ശ്രീമതി.കെ. സത്യഭാമ | 12.11.15 മുതൽ 31.03.16 വരെ. |

സെക്രട്ടറി :

| | |
|---|---|
| ശ്രീ. സതീശൻ.കെ.വി | 01-04-15 മുതൽ 31-03-16 വരെ |

മറ്റ് നിർവഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസി. സെക്രട്ടറി | പ്രമോദ്.ഡി.എൻ | 01-04-15 മുതൽ<br>31-3-16 വരെ |
| കൃഷി ഓഫീസർ | ശ്രീമതി.റാണി<br>ജേക്കബ്ബ് | 01-04-15 മുതൽ<br>31-03-16 വരെ |

| | | |
|---|---|---|
| ഹെഡ് മാസ്റ്റർ | ശ്രീ.സി.പി.കെ.ശ്രീധർ | 01-04-15 മുതൽ 31-03-16 വരെ |
| വെറ്ററിനറി സർജ്ജൻ | ഡോ.പ്രിയൻ അലക്സ്.ജി.റബല്ലോ | 01-04-15 മുതൽ 31-03-16 വരെ |
| മെഡിക്കൽ ഓഫീസർ, (പി.എച്ച്.സി) | ഡോ.പി.പി.കൃഷ്ണൻ | 01-04-15മുതൽ 24-05-15 വരെ |
| | ഡോ.അനീഷ് ബാബു | 25-05-15 മുതൽ 18-02-16 വരെ |
| | ഡോ.ബിനോ ജോസ് | 19-02-6 മുതൽ 31-03-16 വരെ |
| മെഡിക്കൽ ഓഫീസർ, (ആയുർവ്വേദം) | ഡോ.ആരിഫ | 01-04-15 മുതൽ 02-03-16 വരെ |
| | ഡോ.സബിത.എം | 03-03-16 മുതൽ 31-03-16 വരെ |
| മെഡിക്കൽഓഫീസർ, (ഹോമിയോ) | ഡോ.സുജയ നായർ | 1-4-15 മുതൽ 14-6-15 വരെ |
| | ഡോ.ശ്രീലേഖ | 15-6-15 മുതൽ 31-8-15 വരെ |
| | ഡോ.സുബിമോൾ.കെ | 01-09-15 മുതൽ 31-03-16 വരെ |
| വിഇഒ, വെള്ളോറ സർക്കിൾ | ശ്രീമതി.രജിതാ രാഘവൻ | 1-4-15 മുതൽ 31-03-16 വരെ |

| | | |
|---|---|---|
| | | |
| വിളഒ, മാതമംഗലം സർക്കിൾ | ശിവപ്രസാദ്.കെ | 01-04-15 മുതൽ 31-03-16 വരെ |
| അസി.എഞ്ചിനീയർ | ശ്രീമതി.വത്സല.കെ.വി | 01-04-15 മുതൽ 31-03-16 വരെ |
| ഐ.സി.ഡി.എസ്.സൂപ്പർവൈസർ | ശ്രീമതി.ലൂസി.സി.ഡി | 01-04-15 മുതൽ 31-03-16 വരെ |

ഉള്ളടക്കം


| ക്രമ നം. | ഭാഗം 1-പൊതു അവലോകനം | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| 1 | ബജറ്റ് | 1-1 | |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 | |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 | |
| 4 | സാമ്പത്തിക വിശകലനം | 1-4 | |
| 5 | ഫണ്ട് വിനിയോഗം | 1-5 | |
| 6 | പദ്ധതി അവലോകനം. | 1-6 | |
| 7 | തനത് വരുമാനം. | 1-7 | |
| 8 | ക്ഷേമപദ്ധതികൾ | 1-8 | |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 | |
| 10 | ദുരിതാശ്വാസ നിധി | 1-10 | |

| | | | |
|---|---|---|---|
| | | | |
| 11 | ആഭ്യന്തരനിയന്ത്രണം. | 1-11 | |
| 12 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-12 | |
| | ഭാഗം 2<br>വരവ് കണക്കുകളിന്മേലുള്ള<br>ഓഡിറ്റ്നിരീക്ഷണങ്ങൾ | | |
| 13 | രശീത് പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകങ്ങൾ | 2-1 | |
| 13 | ഷോപ്പിംഗ് കോംപ്ലക്സ്-വാടക പുനർനിർണ്ണയിച്ചില്ല | 2-2 | |
| 14 | കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടാവുന്നതാണ്. | 2-3 | |
| 15 | പട്ടികൾക്കും,പന്നികൾക്കും ലൈസൻസ് നൽകൽ :- ചട്ടങ്ങൾ പ്രകാരമുള്ള ലൈസൻസ് എടുക്കുന്നില്ല. | 2-4 | |
| 16 | സ്ഥാപനതൊഴിൽ നികുതി ഈടാക്കിയില്ല | 2-5 | |
| 17 | ഇ-ടെണ്ടർ വഴി നടപ്പാക്കിയ പ്രവൃത്തികൾ - ടെണ്ടർഫാറം വില പഞ്ചായത്തിൽ വരവ് വന്നിട്ടില്ല. | 2-6 | |
| | ഭാഗം 3<br>ചെലവ്കണക്കുകളിന്മേലുള്ള ഓഡിറ്റ്<br>നിരീക്ഷണങ്ങൾ | | |

| | | | |
|---|---|---|---|
| 18 | പ്രവൃത്തി പൂർത്തീകരണം വൈകിയതിന് പിഴ ഈടാക്കിയിട്ടില്ല | 3.1 | |
| 19 | പ്രവൃത്തി പൂർത്തീകരണം വൈകിയത് - പിഴ ഈടാക്കിയതിൽ കറവു വന്നത് - കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതാണ്. | 3.2 | |
| 20 | മരാമത്ത് പ്രവൃത്തികൾ പൊതു അപാകങ്ങൾ | 3.3 | |
| 21 | സംയുക്തപ്രോജക്ടുകൾക്കുള്ള തുക കൈമാറിയത് - വിനിയോഗസാക്ഷ്യപത്രം ലഭിച്ചില്ല | 3.4 | |
| 22 | മരുന്നുകൾ യഥാസമയം ലഭിക്കുന്നില്ല. തുക തടസ്സത്തിൽ പെടുത്തുന്നു | 3.5 | |
| 23 | പൈപ്പ് കമ്പോസ്ററ് സ്ഥാപിക്കൽ -ശുചിത്വമിഷനിൽ നിന്നും ബാക്കി തുക ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണ് | 3.6 | |
| 24 | ഐ എ വൈ വിഹിതം- വിനിയോഗക്ഷ്യപത്രം ഹാജരാക്കിയില്ല<br>1,80,000/- രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു | 3.7 | |
| 25 | ഭവനപുനരുദ്ധാരണം-കാലപ്പഴക്കം പഞ്ചായത്ത് രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല | 3-8 | |
| 26 | എസ് എസ് എ വിഹിതം നൽകൽ-ഫണ്ട് വിനിയോഗം ഫലപ്രദമല്ല. | 3-9 | |
| 27 | പൂർത്തീകരിക്കാത്ത ഭവനങ്ങൾ | 3-10 | |

| | | | |
|---|---|---|---|
| | പൂർത്തീകരിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. | | |
| 28 | ഭവനപുനരുദ്ധാരണം അഡ്വാൻസ് നൽകിയത്- തുടർനടപടിസ്വീകരിക്കേണ്ടതാണ് | 3-11 | |
| 29 | മെഡിക്കൽ ഓഫീസർ പി.എച്ച്.സി നിർവ്വഹണം നടത്തിയ പദ്ധതി- അപാകതകൾ | 3-12 | |
| 30 | പദ്ധതി മാർഗ്ഗരേഖയിൽ പ്രതിപാദിക്കാത്ത ഇനങ്ങൾ നടപ്പിലാക്കി .ചെലവ് തുക തടസപ്പെട്ടുത്തുന്നു. | 3-13 | |
| 31 | സംയുക്ത പ്രൊജക്ടുകൾക്ക് നൽകിയ ഉപയോഗിക്കാതെ ബാക്കിയുള്ള തുക തിരിച്ചു നൽകേണ്ടതാണ്. | 3-14 | |
| 32 | കാലിത്തീറ്റ വിതരണം - രേഖകൾ ലഭ്യമാക്കിയില്ല - 2,00,000/- രൂപ തടസ്സപ്പെട്ടുത്തുന്നു | 3-15 | |
| 33 | ആശ്രയ പദ്ധതി അവലോകനം | 3-16 | |
| 34 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി - അവലോകനം | 3-17 | |
| 35 | ടിഎസ് പി ഫണ്ട് ലഭിക്കുന്നില്ല. | 3-18 | |
| | ഭാഗം 4<br>പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | | |
| 36 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് | 4-1 | |

| | | | |
|---|---|---|---|
| | വിനിയോഗം | | |
| 37 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 | |
| 38 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 | |
| 39 | വായ്പ/വായ്പ തിരിച്ചടവ് | 4-4 | |
| 40 | സ്ഥിരനിക്ഷേപങ്ങൾ | 4-5 | |
| 41 | ഓഡിറ്റ് റിക്കവറി | 4-6 | |
| 42 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 | |
| 43 | ഓഡിറ്റ് പ്രത്യവലോകനം | 4-8 | |
| 44 | ഓഡിറ്റ് ഇംപാക്ട് | 4-9 | |
| 45 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 | |
| അനുബന്ധം-1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | | |



# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2015-16 വർഷത്തെ ബജറ്റ് 17-03-15 തീയ്യതിയിലെ 43/15 നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.

| ഇനം | പ്രതീക്ഷിച്ച ബജറ്റ് | യഥാർത്ഥത്തിലുള്ളത് | വ്യത്യാസം | | ശതമാനം |
|---|---|---|---|---|---|
| | | | കൂടുതൽ | കുറവ് | |
| മുന്നിരിപ്പ് | 25539663 | 26843940 | 1304277 | | 4.86 |

| | | | | | |
|---|---|---|---|---|---|
| വരവ് | 138668350 | 40307546 | | 98360804 | 244 |
| ആകെ | 164208013 | 67151486 | | 97056527 | 144 |
| ചെലവ് | 148106501 | 47128125 | | 100978376 | 214 |
| നീക്കിയിരിപ്പ് | 16101512 | 20023361 | 3921849 | | 19.59 |

## 1-2 വാർഷിക ധനകാര്യപത്രിക.

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി |
|---|---|---|---|
| 2015-16 | 31-05-2016 | 21-07-2016 | തിരിച്ചയച്ചിട്ടില്ല. |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി | സാക്ഷ്യപത്രം നൽകിയത് |
|---|---|---|---|
| 2015-16 | 22-12-2016 | KSA/KNR/C1/3/17 Dated 01.02.17. | വിശേഷണങ്ങളോടു കൂടിയത് |

ന്യൂനതഃ

(1) ബി-11 പട്ടികയിൽ കാണിച്ച ആസ്തി പ്രകാരമുള്ള വിവരങ്ങൾ കാണിക്കുന്നആസ്തി രജിസ്റ്റർ പരിപാലിച്ചിട്ടില്ല.

## 1-4 സാമ്പത്തിക വിശകലനം

| ഇനം | 2015-16 |
|---|---|
| മുന്നിരിപ്പ് | 26843940 |
| വരവ് | 40307546 |

| | |
|---|---|
| ആകെ | 67151486 |
| ചെലവ് | 47128125 |
| നീക്കിയിരിപ്പ് | 20023361 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ട്രാൻസ്ഫർ എന്ട്രി | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 3815086 | 3143376 | 15310449 | 8351987 | 15310449 | 0 |
| വികസനഫണ്ട് എസ്.സി.പി. | 1689155 | 1677811 | 33366966 | (-)1311655 | 2055311 | 0 |
| വികസനഫണ്ട് ടി.എസ്.പി. | -- | 5000 | 5000 | 0 | 5000 | 0 |
| സംരക്ഷണഗ്രാന്റ് റോഡ് | 19020 | 2963179 | 2982199 | 0 | 2982199 | 0 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 898990 | 3487165 | 4386155 | 0 | 4386155 | 0 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 1662408 | 8139088 | 9801496 | (-)3253953 | 6547543 | 0 |
| പെർഫോമൻസ് ഗ്രാന്റ് | 4386379 | 2154727 | 6544106 | (-)3786379 | 2757727 | 0 |
| എ.എൻ.ആർ.ഇ. | 478.8 | 7473938 | 7474416.8 | | 7473980 | 436.8 |

| | | | | | | |
|---|---|---|---|---|---|---|
| ജി.എസ്. | | | | | | |
| ബി ഫണ്ട് | 0 | 33506268 | 33506268 | | 33506268 | |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| വർഷം | അംഗീകാരം ലഭിച്ചത് (എണ്ണം) | നടപ്പാക്കിയത് (എണ്ണം) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|
| 2015-16 | 164 | 127 | 21 | 37 | 77.43 |

<u>പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ</u>

ഇല്ല.

## 1-7 തനത് വരുമാനം.

മുൻ വർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം കുറവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 2406475 | 1510126 | (-)896349 | (-)37.24 |
| നികുതിയേതര വരവുകൾ | 1034148 | 956562 | 77586 | (-)17.5 |
| ആകെ | 3440623 | 2466688 | (-)973935 | -- |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|

| | | |
|---|---|---|
| തൊഴിൽരഹിത വേതനം | 402340 | 242 |
| കർഷക തൊഴിലാളി പെൻഷൻ | 7909800 | 1003 |
| വിധവാ പെൻഷൻ | 9081160 | 974 |
| 50 വയസ്സിനു മുകളിലുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ | 517720 | 53 |
| വികലാംഗ പെൻഷൻ | 2519395 | 278 |
| വാർദ്ധക്യകാല പെൻഷൻ | 12646320 | 1611 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 23-12-16-ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 2705/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ദുരിതാശ്വാസ നിധി

2015-16 വർഷം ദുരിതാശ്വാസ നിധി വരവ് പരിശോധിച്ചതിൽ പാസ്സ് ബുക്ക് പ്രകാരം 31.3.2015 ന് പലിശ ഉൾപ്പെടെ 22,907/- രൂപ നീക്കിയിരിപ്പുണ്ട്. തൻവർഷം വരവായ 3,438/- രൂപ ഉൾപ്പെടെ, 31.3.2016-ന് 26345/- രൂപ പാസ്സ് ബുക്ക് പ്രകാരം നിക്കിയിരിപ്പുണ്ട്. എന്നാൽ ഓഡിറ്റ് കാലയളവിൽ ദുരിതാശ്വാസ നിധി ഇനത്തിൽ ചെലവ് ഉണ്ടായിട്ടില്ല.

## 1-11 ആഭ്യന്തരനിയന്ത്രണം.

1994-ലെ കേരള പഞ്ചായത്ത്രാജ് നിയമത്തിലെ 180-ാം വകുപ്പ് പ്രകാരം ഒരു ഗ്രാമപഞ്ചായത്തിലെ മുഴുവൻ ജീവനക്കാരും (റഗുലർ ജീവനക്കാർ) സർക്കാർ ജീവനക്കാർ എന്നനിലയിൽ സർക്കാർ പുറപ്പെടുവിക്കുന്ന നിയമ നിർദ്ദേശങ്ങൾക്കനുസരിച്ച് പ്രവർത്തിക്കുന്നതോടൊപ്പം തന്നെ തെരഞ്ഞെടുക്കപ്പെട്ട പ്രാദേശിക സർക്കാരിന്റെ നിയന്ത്രണത്തിലുള്ള ജീവനക്കാർ എന്ന നിലയിൽ ഗ്രാമപഞ്ചായത്ത് ഏൽപ്പിക്കുന്ന നിയമാനുസൃത ഉത്തരവുകൾ നിർവഹിക്കേണ്ടതുമാണ്.

ഇത് സംബന്ധിച്ച് തദ്ദേശ സ്വയം ഭരണ വകുപ്പ് സെക്രട്ടറിയുടെ 03.11.2006-ലെ 45778/പി എ3/2006 സർക്കാർ കത്തിന്റെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്ത് ഡയറക്ടർ 18/1/2007-ലെ H1/13880/2006 പുറപ്പെടുവിച്ച പ്രത്യേക കത്ത് പ്രകാരം ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണം ശക്തിപ്പെടുത്തേണ്ടുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ജീവനക്കാരുടെ ജോലി പുരോഗതിയും ഗ്രാമപഞ്ചായത്തിന്റെ പ്രവർത്തന പുരോഗതിയും വിലയിരുത്തുവാൻ സെക്രട്ടറി ജീവനക്കാരുടെ പ്രതിമാസ യോഗം പ്രസിഡണ്ടിന്റെ അദ്ധ്യക്ഷതയിൽ വിളിച്ചു ചേർക്കുവാൻ ബാധ്യസ്ഥനാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ എല്ലാ മാസവും സ്റ്റാഫ് മീറ്റിംഗ് നടത്തിയതായി കാണുന്നില്ല. ഗ്രാമപഞ്ചായത്ത് 2015-16 വർഷത്തിൽ മൂന്നു തവണ യോഗം ചേർന്നിട്ടുണ്ട്. സെക്ഷനുകൾ പേഴ്സണൽ രജിസ്റ്റർ എഴുതുന്നുണ്ടെങ്കിലും

രജിസ്റ്ററുകളിൽ പ്രതിമാസ ക്ലോസിംഗ് എഴുതുന്നില്ല.

## 1-12 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 09/27/16 | 01-08-16 മുതൽ 31-08-16 വരെ | ലഭിച്ചിട്ടില്ല. |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | ഇല്ല | -- | -- |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 രശീത് പരിശോധനയിൽ ശ്രദ്ധയിൽ പെട്ട അപാകങ്ങൾ

01-04-15 മുതൽ 31-03-16 വരെയുള്ള രശീത് വരവ് പരിശോധിച്ചതിൽ നിന്നും എൽ.ഡി.സി.മാരുടെ ഔട്ട് ഡോർ കലക്ഷൻ രജിസ്റ്ററും, രശിത് ബുക്കുകളും മേലുദ്യോഗസ്ഥൻ പരിശോധിച്ച് സാക്ഷ്യപ്പെടുത്തുന്നില്ല എന്ന് കാണുന്നു. ഭാവിയിൽ ഇത്തരത്തിലുള്ള അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 2-2 ഷോപ്പിംഗ് കോംപ്ലക്സ്-വാടക പുനർനിർണ്ണയിച്ചില്ല

ഗ്രാമപഞ്ചായത്തിലെ മാതമംഗലം ടൌണിൽ സ്ഥിതി ചെയ്യുന്ന ഷോപ്പിംഗ് കോംപ്ലക്സിൽ 22 മുറികളാണുള്ളത്. ഇതിൽ പല മുറികളും ഷോപ്പിംഗ് കോംപ്ലക്സ് പൂർത്തിയായ ഉടനെ ലേലം ചെയ്ത് നൽകിയപ്പോൾ ലേലം കൊണ്ടവർ തന്നെയാണ് നിലവിലും ഉപയോഗിച്ചുവരുന്നത്. 5% വർദ്ധനവ് വരുത്തി ഓരോ വർഷവും പുതുക്കി നല്കുകയാണ് ചെയ്യുന്നത്.

പോസ്റ്റ് ഓഫീസ്, കെ.എസ്.ഇ.ബി. ഓഫീസുകളുടെ വാടക പിഡബ്ല്യുഡി കണക്കാക്കിയ നിരക്കാണ് ബാധകമാക്കേണ്ടത്. നിലവിൽ ഈ കെട്ടിടങ്ങളുടെ വാടക യഥാക്രമം 1800/-, 1283/- നിരക്കിലാണ് ഈടാക്കുന്നത്. കെ.എസ്.ഇ.ബി. ഓഫീസുകൾക്ക് വാടകയ്ക്ക് നൽകിയ7 മുറികൾക്ക് പിഡബ്ല്യുഡി നിരക്ക് നിശ്ചയിച്ച് Ts4/EC-SKPM/Rent/ES-MLM/2016-17 dt. 21.10.16 ഉത്തരവ് പ്രകാരം 01-10-15 മുതൽ 4615/- വാടക നിശ്ചയിച്ചിട്ടുണ്ട്. എന്നാൽ നാളിതുവരെ കെ.എസ്.ഇ.ബി.യിൽ നിന്നും പഴയ നിരക്കാണ് ഈടാക്കുന്നത്. കെ.എസ്.ഇ.ബി.യിൽ നിന്നും പുതുക്കിയ നിരക്ക് ഈടാക്കുന്നതിലേക്കും, ഗ്രാമപഞ്ചായത്തിന് പ്രത്യേക ബൈലോ തയ്യാറാക്കുന്നതിനുള്ള നിയമാനുസൃത നടപടികൾ സ്വീകരിക്കുന്നതിലേക്കും വാടക കാലോചിതമായി പുതുക്കി നിശ്ചയിക്കുന്നതിലേക്കും ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധക്ഷണിക്കുന്നു.

## 2-3 കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽ കൂട്ടാവുന്നതാണ്

ഡെപ്പോസിറ്റ് രജിസ്റ്റർ പ്രകാരം ഗ്രാമപഞ്ചായത്തിലെ ഡെപ്പോസിറ്റ് നീക്കിയിരിപ്പ് താഴെ പറയും

പ്രകാരമാണ്.

| | |
|---|---|
| മുന്നിരിപ്പ് | 1027109 |
| തൻവർഷം | 998076 |
| ആകെ | 2025185 |
| ക്രമീകരിച്ചത് | 656433 |
| ക്രമീകരിക്കാൻ ബാക്കിയുള്ള ഡെപ്പോസിറ്റ് | 1368752 |

മേൽ ഡെപ്പോസിറ്റുകളിൽ 1990-91 വർഷം മുതലുള്ള ഡെപ്പോസിറ്റുകൾ ക്രമീകരിക്കാൻ ബാക്കിയുണ്ട്. ഇവയിൽ കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽ കൂട്ടുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-4 പട്ടികൾക്കും,പന്നികൾക്കും ലൈസൻസ് നൽകൽ :-ചട്ടപ്രകാരമുള്ള ലൈസൻസ് എടുക്കുന്നില്ല.

1998-ലെ കേരള പഞ്ചായത്ത് രാജ് (പട്ടികൾക്കും, പന്നികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 3,4,5 പ്രകാരം പട്ടികളെയും, പന്നികളെയും വളർത്തുന്നതിനുള്ള നിയന്ത്രണം ഗ്രാമപഞ്ചായത്തിൽ നിക്ഷിപ്തമാണ്. ഗ്രാമപഞ്ചായത്തിന്റെ ലൈസൻസ് കൂടാതെയും ലൈസൻസിൽ പറഞ്ഞിട്ടുള്ള നിബന്ധനകൾക്കനുസൃതമല്ലാതെയും യാതൊരാളും ഗ്രാമപഞ്ചായത്ത് പ്രദേശത്ത് നിശ്ചിത തീയ്യതി മുതൽ പട്ടികളെയോ പന്നികളെയോ വളർത്തുവാനോ സൂക്ഷിക്കുവാനോ പാടില്ലെന്ന് ഒരു ഗ്രാമപഞ്ചായത്ത് പ്രമേയം പ്രകാരം തീരുമാനമെടുക്കേണ്ടതാണ്. ഓരോ മൃഗത്തെയും വളർത്തുന്നതിനും കൈവശം വെക്കുന്നതിനും മുമ്പ് ഗ്രാമപഞ്ചായത്തിന്റെ ലൈസൻസിനായി അതിന്റെ നിറം, ഇനം മുതലായ വിവരങ്ങൾ കാണിച്ചു കൊണ്ട് 10/- രൂപ ഫീസ് സഹിതം അപേക്ഷ നൽകേണ്ടതാണ്. ഇങ്ങനെ അപേക്ഷ നൽകാതെയും, ലൈസൻസില്ലാതെയും, ലൈസൻസ് ഉണ്ടെങ്കിലും അതിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായോ പട്ടികളെയും, പന്നികളെയും വളർത്തുന്ന ഏതൊരാൾക്കും 250/- രൂപ വരെ പിഴ ശിക്ഷ ചുമത്താവുന്നതാണ്.

വെറ്ററിനറി സർജ്ജൻ നിർവ്വഹണം നടത്തിയ പേവിഷബാധ നിയന്ത്രണം (നം.119/16) പദ്ധതിയുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ ഗ്രാമപഞ്ചായത്തിലെ 233 വളർത്തു പട്ടികൾക്ക് കുത്തി വെയ്പ്പ് നടത്തിയതായി കാണുന്നു. എന്നാൽ പഞ്ചായത്തിലെ പട്ടി, പന്നി ലൈസൻസ് വരവ് സംബന്ധിച്ച ഫയൽ പരിശോധിച്ചതിൽ 63 പട്ടികൾക്ക് മാത്രമാണ് ലൈസൻസ് നൽകിയതായി കാണുന്നത്.മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം 16/28-12-16 ന് ലഭിച്ച മറുപടിയിൽ വെറ്ററിനറി സർജ്ജനിൽ നിന്ന് കുത്തിവെയ്പ്പ് നടത്തിയ പട്ടികളുടെ ലിസ്റ്റ് വാങ്ങിയതിനു ശേഷം നോട്ടീസ് നൽകി മുഴുവൻ പട്ടികൾക്കും ലൈസൻസ് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്.

സ്വീകരിച്ച നടപടികൾ ഓഡിറ്റ് വിഭാഗത്തെ അറിയിക്കേണ്ടതാണ്.

## 2-5 സ്ഥാപന തൊഴിൽ നികുതി ഈടാക്കിയില്ല

എരമം-കുറ്റൂർ ഗ്രാമപഞ്ചായത്ത് 2015-16 സാമ്പത്തിക വർഷം താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും ഒന്നും രണ്ടും അർദ്ധവർഷങ്ങളിൽ സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

1) ബി.എസ്.എൻ.എൽ. കണ്ണൂർ, കക്കറ

2) ബി.എസ്.എൻ.എൽ. കണ്ണൂർ, മാതമംഗലം

3) ബി.എസ്.എൻ.എൽ കണ്ണൂർ, പെരുമ്പടവ്

4) ബി.എസ്.എൻ.എൽ. കണ്ണൂർ, പെരുവാമ്പ

5) ഇവ ഹോമിയോ ക്ലിനിക്ക്, മാതമംഗലം

മേൽ പറഞ്ഞ സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കാത്തത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.14/28.12.16-ന് ലഭിച്ച മറുപടിയിൽ ബി.എസ്.എൻ.എൽ. സ്ഥാപനങ്ങൾക്ക് കത്ത് നൽകിയിട്ടുണ്ട് എന്ന് അറിയിച്ചിട്ടുണ്ട്. മേൽസ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ വരവ് വെയ്ക്കേണ്ടതാണ്.

## 2-6 ഇ-ടെണ്ടർ വഴി നടപ്പാക്കിയ പ്രവൃത്തികൾ - ടെണ്ടർ ഫാറം വില പഞ്ചായത്തിൽ വരവു വന്നിട്ടില്ല.

നിർവഹണ ഉദ്യോഗസ്ഥൻ - അസിസ്റ്റന്റ് എഞ്ചിനീയർ.

ഗ്രാമപഞ്ചായത്ത് 2015-16 വർഷത്തിൽ നടപ്പാക്കിയ താഴെപ്പറയുന്ന പ്രവൃത്തികൾ ഇ-ടെണ്ടർ വഴിയാണ് നടപ്പാക്കിയിട്ടുള്ളത്. ജി.ഒ.(എം.എസ്)318/2013/എൽഎസ്ജിഡി തീയതി 28-09-13 നമ്പർ ഉത്തരവു പ്രകാരം അസിസ്റ്റന്റ് എഞ്ചിനീയർമാർക്ക് ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ സീറോ ബാലൻസ് അക്കൗണ്ട് ഉപയോഗപ്പെടുത്തി ഇ-ടെണ്ടർ നടപടികൾ സ്വീകരിക്കാവുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പ്രവൃത്തികളുടെ ടെണ്ടർ ഫീസ് ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലാണ് വരവു വരുന്നത്. ഈയിനത്തിലുള്ള തുക ഗ്രാമപഞ്ചായത്തിന്റെ തനതു വരുമാനമാകയാൽ ആയത് ജില്ലാപഞ്ചായത്തിൽ നിന്നും തിരികെ ലഭിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

| പ്രോജക്ട് | അടങ്കൽ | ടെണ്ടർ ഫോറത്തിന്റെ വില | കരാറുകരൻ |
|---|---|---|---|
| കൃഷി ഭവൻ കെട്ടിടനിർമ്മാണം | 24,32,900 | 5,250 | പ്രത്യുബാബു.കെ.വി |
| എരമം നോർത്ത് മുതുകാട്ടുകാവ് റോഡ് മെച്ചപ്പെടുത്തലും ഡ്രെയിനേജ് | 13,48,930 | 5,250<br>5,250 | ടോമി തോമസ്<br>രാജേഷ്.ടി.വി |

| | | | |
|---|---|---|---|
| നിർമ്മാണവും | | 5,250<br>5,250 | വി.വി.ശ്രീനി<br>കെ.കൃഷ്ണൻ |
| | ആകെ | 26,250 | |

# ഭാഗം-3

## ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 . പ്രവൃത്തി പൂർത്തീകരണം വൈകിയതിന് പിഴ ഈടാക്കിയിട്ടില്ല.

നിർവഹണ ഉദ്യോഗസ്ഥൻ - അസിസ്റ്റന്റ് എഞ്ചിനീയർ

പ്രോജക്ട് - 93/15 തറ്റേരി അംഗൻവാടിക്ക് ടോയ്‌ലെറ്റ് നിർമ്മാണം

അടങ്കൽ - 1,50,000/- (മെ.ഗ്രാന്റ്)

ചെലവ് – 1,15,044/- (ബിൽ 49/23-16)

കരാറുകാരൻ – എൻ.സതീഷ് കുമാർ

പി.എ.സി – 1,38,831/-

എഗ്രിമെന്റ് – 44/15/29-11-14

എം.ബുക്ക് – 44/2014-15

കരാറുകാരനും നിർവഹണ ഉദ്യോഗസ്ഥനുമായി ഉണ്ടാക്കിയ കരാറിൽ പൂർത്തീകരണ കാലാവധി രേഖപ്പെടുത്തിയിട്ടില്ല. എന്നാൽ കരാറുകാരന് നൽകിയ സെലക്ഷൻ നോട്ടീസിലും, അസി.എഞ്ചിനീയറുടെ നടപടിക്രമത്തിലും പൂർത്തീകരണ കാലാവധി 28-2-15 (3 മാസം) എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. ഇതു പ്രകാരം 28-02-15-ന് പ്രവൃത്തി പൂർത്തിയാക്കേണ്ടതായിരുന്നു. എന്നാൽ പ്രവൃത്തി പൂർത്തിയാക്കിയിരിക്കുന്നത് 10-06-15-ന് മാത്രമാണ്. പൂർത്തീകരണ കാലാവധി ദീർഘിപ്പിക്കുന്നതിന് കരാറുകാരൻ അപേക്ഷിച്ചതിന്റെ വിവരങ്ങൾ, കാലാവധി ദീർഘിപ്പിച്ചു നൽകിയതിന്റെ വിവരങ്ങൾ എന്നിവ ഫയലിൽ സൂക്ഷിച്ചിട്ടില്ല. നിർവഹണ ഉദ്യോഗസ്ഥനും, കരാറുകാരനും തമ്മിൽ ഉണ്ടാക്കിയ കരാർ പ്രകാരം പൂർത്തീകരണം വൈകിയതിന് ആദ്യത്തെ മൂന്നു മാസം വരെ പിഎസിയുടെ 1% നിരക്കിലും, തുടർന്ന് വരുന്ന ഓരോ മൂന്ന് മാസത്തിനും 2% നിരക്കിലും പിഴ ഈടാക്കാൻ വ്യവസ്ഥ ചെയ്യുന്നുണ്ട്. എന്നാൽ ഫൈനൽ ബിൽ നൽകുന്ന അവസരത്തിൽ നിയമാനുസൃതം ഈടാക്കേണ്ട പിഴ ഈടാക്കിയതായി കാണുന്നില്ല. കരാറുകാരന്റേതല്ലാത്ത കാരണത്താലുള്ള പൂർത്തീകരണമാകാത്തതിന് കാലാവധി ദീർഘിപ്പിക്കുന്നതിന്, കാലാവധി നീക്കുന്നതിനു മുമ്പായി അപേക്ഷിക്കേണ്ടതാണ്. പൂർത്തീകരണത്തിനുള്ള കാലാവധി ദീർഘീകരണം ഒറ്റത്തവണ ഒറിജിനൽ സമയത്തിന്റെ 25%ൽ കൂടാവുന്നതല്ല. അല്ലെങ്കിൽ 6 മാസം (ഏതാണോ കുറവ്). പരമാവധി ദീർഘീകരണം ഒറിജിനൽ സമയത്തിന്റെ 50%ൽ അധികമാവാൻ പാടില്ല. ദീർഘീകരണം ലഭ്യമാകുന്ന സാഹചര്യത്തിൽ ആദ്യ തവണ പിഎസിയുടെ 1% നിരക്കിലും അതിനു ശേഷം 2% നിരക്കിലും പിഴ ഈടാക്കേണ്ടതാണ്. എന്നാൽ ഈ വ്യവസ്ഥ കരാറിൽ ഉൾക്കൊള്ളിച്ചിട്ടില്ല.

01-3-15 മുതൽ 10-6-15 വരെ - 102 ദിവസങ്ങൾ

102 ദിവസത്തേക്ക് കണക്കാക്കേണ്ട പിഴ

ആദ്യത്തെ മൂന്നുമാസത്തേക്ക് - 138831X1%=1388

തുടർന്നുള്ള 12 ദിവസത്തേക്ക് - 138831X2%X12/90=370

ആകെ 1758/-

പിഴയിനത്തിൽ 1758/- രൂപ ബന്ധപ്പെട്ട കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-2 പ്രവൃത്തി പൂർത്തീകരണം വൈകിയത് - പിഴ ഈടാക്കിയതിൽ കുറവു വന്നത് - കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതാണ്.

നിർവഹണ ഉദ്യോഗസ്ഥൻ - അസിസ്റ്റന്റ് എഞ്ചിനീയർ

പ്രോജക്റ്റ് - 90/16 മാതമംഗലം പൊതുശ്മശാനം നവീകരണം

അടങ്കൽ -14,00,000/- (2,00,000 (വികസന ഫണ്ട്) 12,00,000/- (എക്സ്റ്റേണൽ എയ്ഡ്)

ചെലവ് - 12,83,330/-

കരാറുകാരൻ - എൻ.സതീഷ് കുമാർ

പി.എ.സി - 13,38,263/-

എഗ്രിമെന്റ് - 64/14-15, 28-03-15

എം.ബുക്ക് - 64/15-16

മേൽ പ്രവൃത്തിക്ക് അനുവദിച്ച പൂർത്തീകരണ കാലാവധി 27-9-15 ആണ്. ഇതുപ്രകാരം 28-3-15-ന് സൈറ്റ് കൈമാറിയ പ്രവൃത്തി 27-9-15-ന് പൂർത്തിയാകേണ്ടതായിരുന്നു. എന്നാൽ പ്രവൃത്തി പൂർത്തിയാക്കിയത് 5-3-16-ന് മാത്രമാണ്. 161 ദിവസം വൈകിയാണ് പ്രവൃത്തി പൂർത്തിയാക്കിയിട്ടുള്ളത്. കരാറുകാരന്റേതല്ലാത്ത കാരണത്താലുള്ള പൂർത്തീകരണമാകാത്തതിന് കാലാവധി ദീർഘിപ്പിക്കുന്നതിന്, കാലാവധി നീക്കുന്നതിനു മുമ്പായി അപേക്ഷിക്കേണ്ടതാണ്. പൂർത്തീകരണത്തിനുള്ള കാലാവധി ദീർഘീകരണം ഒറ്റത്തവണ ഒറിജിനൽ സമയത്തിന്റെ 25%ൽ കൂടാവുന്നതല്ല. അല്ലെങ്കിൽ 6 മാസം (ഏതാണോ കുറവ്). പരമാവധി ദീർഘീകരണം ഒറിജിനൽ സമയത്തിന്റെ 50%ൽ അധികമാവാൻ പാടില്ല. ദീർഘീകരണം ലഭ്യമാകുന്ന സാഹചര്യത്തിൽ ആദ്യ തവണ പിഎസിയുടെ 1% നിരക്കിലും അതിനു ശേഷം 2% നിരക്കിലും പിഴ ഈടാക്കേണ്ടതാണ്. എന്നാൽ ഈ വ്യവസ്ഥ കരാറിൽ ഉൾക്കൊള്ളിച്ചിട്ടില്ല. കരാർ പ്രകാരം പ്രവൃത്തി പൂർത്തീകരണം വൈകിയതിന് ആദ്യത്തെ മൂന്ന് മാസം വരെ പിഎസിയുടെ 1% നിരക്കിലും, തുടർന്നുള്ള ഓരോ മൂന്നുമാസത്തിനും 2% നിരക്കിലും പിഴ ഈടാക്കേണ്ടതായിരുന്നു. എന്നാൽ ഫൈനൽ ബില്ലിൽ നിന്നും 22,529/- രൂപയാണ് പിഴയിനത്തിൽ ഈടാക്കിയിട്ടുള്ളത്. കരാറിലെ വ്യവസ്ഥ പ്രകാരം പിഴ കണക്കാക്കേണ്ടത് താഴെ പറയും പ്രകാരമാണ്.

ആദ്യത്തെ മൂന്നു മാസത്തിന് - 1338263X1%=13382/-

പിന്നീടുള്ള 71 ദിവസത്തിന് - 1338263X2%X71/90=21115/-

ആകെ - 34,496/-

പിഴയിനത്തിൽ കുറവു വന്നത് - 34,496-22,529 = 11,967/-

പിഴയിനത്തിൽ കുറവു വന്ന 11,967/- രൂപ ബന്ധപ്പെട്ട കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-3 മരാമത്ത് പ്രവൃത്തികൾ പൊതു അപാകങ്ങൾ

(1) പൂർത്തീകരണകാലാവധി കണക്കാക്കിയത് - 2012 ലെ പുതുക്കിയ പൊതുമരാമത്ത് മാന്വൽ പ്രകാരമല്ല.

2012-ലെ പുതുക്കിയ പൊതുമരാമത്ത് മാന്വൽ അനുസരിച്ച് മരാമത്ത് പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി ശാസ്ത്രീയ മാനദണ്ഡങ്ങൾ ഉപയോഗിച്ച് വിശകലനം ചെയ്ത് ടെണ്ടർ ഷെഡ്യൂളിൽ വ്യക്തമാക്കേണ്ടതുണ്ട്. കാലാവസ്ഥാ വ്യതിയാനങ്ങൾ, പ്രവൃത്തിയുടെ മൂല്യം, നിർമ്മാണ സാമഗ്രികൾ സംഭരിക്കാനാവശ്യമായ സമയം, ക്യൂറിംഗിന് ആവശ്യമായ സമയം തുടങ്ങിയ എല്ലാ ഘടകങ്ങളും വിലയിരുത്തി വേണം സമയപരിധി നിശ്ചയിക്കാൻ. എന്നാൽ ഗ്രാമപഞ്ചായത്ത് 2015-16 വർഷത്തിൽ നടപ്പാക്കിയ മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഷെഡ്യൂളിൽ ഇപ്രകാരം പൂർത്തീകരണ കാലാവധി രേഖപ്പെടുത്തിയിട്ടില്ല. എന്നാൽ കരാറുകാർക്ക് നൽകുന്ന സെലക്ഷൻ നോട്ടീസിൽ പൂർത്തീകരണ കാലാവധി 31-03-16 എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ പ്രസ്തുത തീയതി മേൽപ്പറഞ്ഞ പ്രകാരം വിശകലനം ചെയ്ത് തയ്യാറാക്കിയതല്ല എന്ന് കാണുന്നു. പല തരത്തിലുള്ള പ്രവൃത്തികൾക്ക് ഒരേ തരത്തിൽ കാലാവധി കണക്കാക്കിയിട്ടുണ്ട്. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് | അടങ്കൽ | എഗ്രിമെന്റ് തീയതി | അനുവദിച്ച പൂർത്തീകരണ കാലാവധി | യഥാർത്ഥത്തിൽ പൂർത്തീകരിച്ച തീയതി |
|---|---|---|---|---|
| 142/16, കായപ്പൊയിൽ കുമ്പറം റോഡ് ടാറിഗ് | 350000 | 09/26/15 | 03/31/16 | 12/22/15 |
| 151/16, കുറ്റൂർ മേനോൻകുന്ന് പെരുവാമ്പ റോഡ് റിപ്പയർ | 198020 | 09/26/15 | 03/31/16 | 01/19/16 |
| 4/16, എരമം നോർത്ത് മുതുകാട്ട്കാവ് കന്നടപ്പാലം റോഡ് റിപ്പയർ | 300000 | 10/03/15 | 03/31/16 | 12/22/15 |

| | | | | |
|---|---|---|---|---|
| 112/16, ചട്ട്യോൾ അംഗൻവാടിക്ക് ചുറ്റുമതിൽ | 50000 | 10/03/15 | 03/31/16 | 03/15/16 |
| 40/16, ചരൽപ്പള്ള പാണപ്പുഴച്ചാൽ റോഡ് ടാറിംഗ് | 300000 | 09/26/15 | 03/31/16 | 01/19/16 |
| 31/16, കോയിപ്ര അനട്ടി പറവൂർ റോഡ് റീടാറിംഗ് | 10000 | 09/26/15 | 03/31/16 | 12/10/15 |

2. കാലാവധി ദീർഘീകരണം

കരാറുകാരന്റേതല്ലാത്ത കാരണത്താൽ പ്രവൃത്തി പൂർത്തീകരണമാകാത്തതിന്, കാലാവധി ദീർഘിപ്പിച്ച നൽകുന്നതിന് കാലാവധി തീരുന്നതിന് മുമ്പായി അപേക്ഷിക്കേണ്ടതാണ്. പൂർത്തീകരണത്തിനുള്ള ദീർഘീകരണം ഒറ്റത്തവണ ഒറിജിനൽ സമയത്തിന്റെ 25% അല്ലെങ്കിൽ 6 മാസം ഏതാണോ കുറവ് ഇതിൽ അധികമാകാവുന്നതല്ല. പരമാവധി ദീർഘീകരണം ഒറിജിനൽ പൂർത്തീകരണ കാലാവധിയുടെ 50% ൽ അധികമാവാൻ പാടില്ല. എന്നാൽ ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ പ്രവൃത്തികളിൽ 1997-ലെ പൊതുമരാമത്ത് മാന്വലിലെ വ്യവസ്ഥകളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

## 3-4 സംയുക്ത പ്രോജക്റ്റുകൾക്കുള്ള തുക കൈമാറിയത് - വിനിയോഗസാക്ഷ്യപത്രം ലഭിച്ചില്ല

നിർവഹണ ഉദ്യോഗസ്ഥൻ - അസിസ്റ്റന്റ് എഞ്ചിനീയർ

എരമം കുറ്റൂർ ഗ്രാമപഞ്ചായത്തും പയ്യന്നൂർ ബ്ലോക്ക് പഞ്ചായത്തും സംയുക്തമായി നടപ്പാക്കുന്ന പ്രവൃത്തികൾക്കുള്ള ഗ്രാമപഞ്ചായത്ത് വിഹിതം കൈമാറുന്നതിനായി താഴെപ്പറയുന്ന പ്രോജക്റ്റുകൾ പ്രകാരമുള്ള ഗ്രാമപഞ്ചായത്ത് വിഹിതം ബ്ലോക്ക് പഞ്ചായത്തിന് കൈമാറിയിട്ടുണ്ട്.

| ഗ്രാമപഞ്ചായത്ത് പ്രോജക്റ്റ് | അടങ്കൽ | ചെലവ് | ഡിഡി നമ്പർ |
|---|---|---|---|
| 21/16 വെള്ളോറ യു.പി.സ്കൂൾ മുച്ചിലോട്ട് റോഡ് | 1,00,000 | 1,00,000 | 365041/31-03-16 |
| 17/16, ഓലയമ്പാടി ഭീമനടി റോഡ് | 1,00,000 | 1,00,000 | 365040/31-03-16 |
| | | 2,00,000 | |

ബ്ലോക്ക് പഞ്ചായത്ത് മേൽ പദ്ധതിപ്രകാരമുള്ള തുക ആവശ്യപ്പെട്ടത് 20-01-16-നാണ്. എന്നാൽ ബ്ലോക്ക് പഞ്ചായത്ത് തയ്യാറാക്കിയ പ്രോജക്റ്റിന്റെ പകർപ്പ് കത്തിനോടൊപ്പം ഉൾക്കൊള്ളിച്ചിട്ടില്ല.

പദ്ധതി പൂർത്തീകരിച്ച് നാളിതുവരെ വിനിയോഗസാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. മേൽപ്പറഞ്ഞ രേഖകളുടെ അഭാവത്തിൽ ചെലവു തുക 2,00,000/- തടസ്സപ്പെടുത്തുന്നു.

## 3-5 മരുന്നുകൾ യഥാസമയം ലഭിച്ചില്ല - ചെലവ് തുക 1,50,000/- തടസ്സപ്പെടുത്തുന്നു

പ്രോജക്റ്റ് - 9/16, ഹോമിയോ ആശുപത്രിക്ക് മരുന്നുവാങ്ങൽ

അടങ്കൽ - 1,50,000/- (മെ.ഗ്രാന്റ്)

ചെലവ് - 1,50,000/- (ബിൽ 1/15-16, 27-01-16)

മേൽ പദ്ധതി പ്രകാരം എരമം കുറ്റൂർ, വെള്ളോറ എന്നീ ഹോമിയോ ഡിസ്പെൻസറികളിലേക്ക് മരുന്ന വാങ്ങുന്നതിനായി 1,50,000/- രൂപ ഹോംകോ, ആലപ്പുഴ എന്ന സ്ഥാപനത്തിന് മുൻകൂറായി നൽകിയിട്ടുണ്ട്. മുൻകൂർ നൽകുന്ന അവസരത്തിൽ സ്ഥാപനവുമായി കരാറിൽ ഏർപ്പെട്ടിട്ടില്ല. ഓഡിറ്റിന് ലഭ്യമാക്കിയ ഇൻവോയ്സ് പരിശോധിച്ചതിൽ നിന്നും ഓരോ ഡിസ്പെൻസറിക്കും 12-11-15, 29-02-16 തീയതികളിലായി 50,000/- രൂപ വിതം വിലയുള്ള മരുന്നുകൾ ലഭ്യമായിട്ടുണ്ട്. എന്നാൽ പ്രസ്തുത മരുന്നുകൾ 2014-15 വർഷത്തെ പ്രോജക്ട് പ്രകാരം 26-12-14-ലെ പർച്ചേസ് ഓഡർ പ്രകാരമുള്ളതാണെന്ന് കാണുന്നു. 2015-16 വർഷത്തെ പ്രോജക്ട് പ്രകാരമുള്ള മരുന്നുകൾ ലഭിച്ചതായി കാണുന്നില്ല. മരുന്നുകൾ യഥാസമയം ലഭിക്കാത്തതിൽ നിർവഹണ ഉദ്യോഗസ്ഥൻ നടപടിയൊന്നും തന്നെ സ്വീകരിച്ചിട്ടില്ല. മേൽ കാരണങ്ങളാൽ ചെലവ് തുക 1,50,000/- രൂപ തടസ്സപ്പെടുത്തുന്നു.

## 3-6 പൈപ്പ് കമ്പോസ്ററ് സ്ഥാപിക്കൽ -ശുചിത്വ മിഷനിൽ നിന്നും ബാക്കി തുക ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്

നിർവഹണ ഉദ്യോദഗസ്ഥ - വി.ഇ.ഒ, എരമം-കുറ്റൂർ

പ്രോജക്ട് - 127/16 പൈപ്പ് കമ്പോസ്റ്റ് സ്ഥാപിക്കൽ

അടങ്കൽ - 17,76,000/- (2,66,400, 13,32,000 – കേന്ദ്ര വിഹിതം, 1,77,600 – മറ്റുള്ളവ)

ചെലവ് - 1,48,800- വികസന ഫണ്ട് (15% ഗ്രാമപഞ്ചായത്ത് വിഹിതം)

ഗുണഭോക്തൃ വിഹിതം - 99,200/- (10%) ശുചിത്വ മിഷൻ (കേന്ദ്ര വിഹിതം) – 5,99,400/-

ആകെ - 8,47,400/-

പദ്ധതിക്കുള്ള സാങ്കേതിക അനുമതി നൽകുന്നതും അടങ്കലിന്റെ 75% തുക നല്കുന്നതും ശുചിത്വ മിഷനാണ് . 1240 പേർക്ക് 800/- രൂപ എന്ന തോതിലാണ് പൈപ്പുകൾ വിതരണം ചെയ്തിട്ടുള്ളത്. ഇതിൽ ഗ്രാമപഞ്ചായത്ത് വിഹിതം 1,48,800/- രൂപയും ഗുണഭോക്തൃ വിഹിതം 99,200/- രൂപയും റെയ്ഡ്കോക്ക് നൽകിയിട്ടുണ്ട്. 1,44,600/- രൂപ റെയ്ഡ്കോവിന് നൽകാൻ ബാക്കിയുണ്ട്. പദ്ധതിയുടെ 75% (7,44,000/-) ചെലവ് ചെയ്യേണ്ട ശുചിത്വമിഷൻ നാളിതുവരെയായി 5,99,400/- രൂപ മാത്രമാണ് ഗ്രാമപഞ്ചായത്തിന് നൽകിയിട്ടുള്ളത്. ബാക്കി 1,44,600/- രൂപ

(7,44,000-5,99,400) ശുചിത്വമിഷനിൽ നിന്നും ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 3-7 ഐ എ വൈ വിഹിതം - വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല -1,80,000/- രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു

നിർവ്വഹണ ഉദ്യോഗസ്ഥൻ - വി ഇ ഒ

പ്രൊജക്ട് നമ്പർ - 124/16

പ്രൊജക്ടിന്റെ പേര് - ഐ എ വൈ (ജനറൽ)

ബിൽനമ്പർ - 1/2015-16 തീയ്യതി 17-11-2015 - 20,075/-

ബിൽനമ്പർ - 2/2015-16 തീയ്യതി 17-11-2015 - 5,99,925/-

ബിൽനമ്പർ - 3/2015-16 തീയ്യതി 20-02-2016 – 1,60,000/-

7,80,000/-

2015-16 വർഷം ഐ എ വൈ (ജനറൽ) പദ്ധതി നടപ്പിലാക്കുന്നതിനായി പ്രൊജക്ട് നമ്പർ 124/16 പ്രകാരം 7,80,000/-രൂപ ബ്ലോക്ക് പഞ്ചായത്തിന് ഗ്രാമപഞ്ചായത്ത് വിഹിതമായി നൽകിയിട്ടുണ്ട്. 39 ഗുണഭോക്താക്കൾക്കുള്ള വിഹിതമാണ് നൽകിയിട്ടുള്ളത്. ആകെ നൽകിയ തുകയിൽ നിന്നും 6,00,000/- രൂപയുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടുണ്ട്. ബാക്കി 1,80,000/- രൂപയുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്. വിനിയോഗസാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ ചെലവ് തുക 1,80,000/- രൂപ തടസപ്പെടുത്തുന്നു.

## 3-8 ഭവനപുനരുദ്ധാരണം-കാലപ്പഴക്കം പഞ്ചായത്ത് രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല

ജി.ഒ.(എംഎസ്)362/2013/തസ്വഭവ തീയ്യതി 16-11-2013 സബ്സിഡി മാർഗ്ഗരേഖ പ്രകാരം ഭവന പുനരുദ്ധാരണത്തിന് സബ്സിഡി അനുവദനീയമാണ്. ഇപ്രകാരം ഭവന പുനരുദ്ധാരണത്തിന് സബ്സിഡി നൽകുമ്പോൾ പുതിയ വീട് നിർമ്മിച്ച് കുറഞ്ഞത് 8 വർഷമെങ്കിലും കഴിഞ്ഞവർക്ക് മാത്രമേ ഈ ധനസഹായത്തിന് അർഹതയുള്ളുവെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എരമം കുറ്റൂർ ഗ്രാമപഞ്ചായത്തിൽ ബഹുവർഷ പ്രൊജക്ടായി നടപ്പിലാക്കിയ ഭവന പുനരുദ്ധാരണ സഹായത്തിനുള്ള അർഹത സംബന്ധിച്ച് പരിശോധന നടത്തുന്നതിനായി ഏതാനും ഗുണഭോക്താക്കളുടെ വീടിന്റെ കാലപഴക്കം ഗ്രാമപഞ്ചായത്ത് സൂക്ഷിക്കുന്ന അസസ്മെന്റ് രജിസ്റ്റർ പ്രകാരം എത്രയാണെന്ന് ഓഡിറ്റ് എൻക്വയറിയിലൂടെ അന്വേഷിക്കുകയുണ്ടായി. 30 ഗുണഭോക്താക്കളുടെ വിവരം ഓഡിറ്റ് എൻക്വയറിയിലൂടെ അന്വേഷിച്ചതിൽ ഒരു ഗുണഭോക്താവിന്റെ ഭവനത്തിന്റെ കാലപ്പഴക്കം സബ്സിഡി മാർഗ്ഗരേഖയിൽ നിർദേശിച്ച പ്രകാരമുള്ള 8 വർഷത്തിന് താഴെയാണ്. ഇത് സംബന്ധിച്ച് വിശദവിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | നൽകിയ തുക | വാർഡ് നം./ കെട്ടിട നം. | ഗ്രാമപഞ്ചായത്ത് രജിസ്റ്റർ പ്രകാരം ഭവനം നിർമ്മിച്ച വർഷം |
|---|---|---|---|---|
| 1 | ചേണിച്ചേരി വളപ്പിൽ ശാന്ത | 25,000 | EKP-XIII | 2009-10 |

ഇത് സംബന്ധിച്ച് വിശദീകരണം ചോദിച്ചു കൊണ്ട് ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (20/30-12-2016) മറുപടിയായി മേൽ കൊടുത്ത ഭവനം 8 വർഷത്തിലധികം പഴക്കമുണ്ടെന്നും കെട്ടിടങ്ങൾ ഗ്രാമപഞ്ചായത്തിന്റെ രജിസ്റ്ററിൽ ഉൾപ്പെടുത്താൻ വൈകിയതാണെന്നും അറിയിച്ചിട്ടുണ്ട്. ഇത്തരം മറുപടി ന്യായീകരിക്കത്തക്കതല്ല. ഇപ്രകാരം ഗുണഭോക്താക്കളുടെ അർഹത നിർണ്ണയിക്കുമ്പോൾ ഗ്രാമപഞ്ചായത്ത് പരിപാലിച്ചു വരുന്ന രജിസ്റ്ററുകളിലെ രേഖപ്പെടുത്തലുകളുമായി പൊരുത്തപ്പെടുന്നുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതാണ്.

## 3-9 എസ് എസ് എ വിഹിതം നൽകൽ - ഫണ്ട് വിനിയോഗം ഫലപ്രദമല്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ - ഹെഡ് മാസ്റ്റർ, എരമം കുറ്റൂർ ഗ്രാമപഞ്ചായത്ത്

പ്രോജക്ട് - 63/16 എസ്എസ്എ യ്ക്ക് ഗ്രാമപഞ്ചായത്ത് വിഹിതം

വകയിരുത്തിയ തുക - ₹14,00,000/-

ചെലവ് തുക - ₹14,00,000/- (ബിൽ നമ്പർ 7/2015-16 തീയതി 27-01-2016)

(ഡി ഡി നമ്പർ 364084 തീയ്യതി 16-09-2015)

മേൽ പ്രൊജക്ട് പ്രകാരം 2015-16 വർഷം എസ് എസ് എ പ്രോജക്ടിനുള്ള 35% ഗ്രാമപഞ്ചായത്ത് വിഹിതം വരുന്ന തുകയായ 14,00,000/- രൂപ എസ്എസ്എ ക്ക് നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടുണ്ട്.

2015-16 വർഷത്തേക്ക് ബാധകമായ പദ്ധതി മാർഗ്ഗരേഖ ജി.ഒ.(എം.എസ്) 362/2013/തസ്വഭവ തീയതി 16.11.2013 അനുബന്ധം 6(II) പ്രകാരം ഗ്രാമപഞ്ചായത്ത് സർക്കാർ നിശ്ചയിക്കുന്ന തുക എസ്എസ്എ പ്രോജക്ടിനു വേണ്ടി വകയിരുത്തണമെന്നും എസ്എസ്എ യും വിദ്യാഭ്യാസ പ്രവർത്തന കമ്മിറ്റിയുടെ പങ്കാളിത്തത്തോടെ തദ്ദേശഭരണ സ്ഥാപനവും ചേർന്നാണ് അതാത് തലത്തിലുള്ള പ്രൊജക്ട് തയ്യാറാക്കേണ്ടതെന്നും വ്യക്തമാക്കിയിട്ടുണ്ട്. പ്രസ്തുത നിർദേശം പാലിച്ചിട്ടുണ്ടോയെന്ന് പരിശോധിക്കുന്നതിനായി ബന്ധപ്പെട്ട കമ്മിറ്റിയുടെ മിനുട്സ് ഓഡിറ്റ് അന്വേഷണത്തിലൂടെ ആവശ്യപ്പെടുകയും ആയത് ഹാജരാക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത കമ്മിറ്റി 15-01-2016-ന് ചേർന്ന യോഗത്തിൽ എസ്എസ്എ യിൽ നിന്നുമുള്ള പ്രതിനിധി ഉൾപ്പെടെ 15 പേർ പങ്കെടുത്തിട്ടുണ്ട്. എന്നാൽ ആന്വൽ വർക്ക് പ്ലാൻ തയ്യാറാക്കുന്ന അവസരത്തിൽ പ്രസ്തുത കമ്മിറ്റിയിലെ നിർദേശങ്ങളൊന്നും പ്രൊജക്ടിൽ ഉൾപ്പെടുത്തിയിട്ടില്ല. എസ്എസ്എ ആവശ്യപ്പെടുന്ന തുക എസ്എസ്എ ക്ക് കൈമാറുക മാത്രമാണ് ഗ്രാമപഞ്ചായത്ത് ചെയ്തുവരുന്നത്. എസ്എസ്എ മുഖേന നടപ്പാക്കുന്ന പ്രവൃത്തികൾ വിദ്യാഭ്യാസ വർക്കിംഗ് ഗ്രൂപ്പ് വിലയിരുത്തുന്നില്ല.

ഇക്കാര്യം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 3-10 ഇഎംഎസ് ഭവന പദ്ധതി - ഭവനങ്ങൾ പൂർത്തീകരിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഇ എം എസ് ഭവന പദ്ധതിയുടെ ഭാഗമായി ഗ്രാമപഞ്ചായത്തിൽ താഴെ കൊടുത്ത ഗുണഭോക്താക്കൾ ആദ്യ ഗഡുക്കൾ കൈപ്പറ്റിയെങ്കിലും ഭവന നിർമ്മാണം നാളിതുവരെ പൂർത്തീകരിച്ചിട്ടില്ല. ഇത് സംബന്ധിച്ച് വിശദവിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | ആദ്യ ഗഡു | രണ്ടാം ഗഡു | മൂന്നാം ഗഡു | നിലവിലെ അവസ്ഥ |
|---|---|---|---|---|---|
| 1 | തങ്കമണി പി. ടി. | 10000/<br>21.1.10 | 12500/<br>12.3.10 | 30000<br>10.12.10 | ചുമർ പൂർത്തിയാക്കി |
| 2 | കോത്തിരികുഞ്ഞിക്കണ്ണൻ | 22500<br>12.3.10 | 30000<br>8.7.10 | - | ചുമർ പൂർത്തിയാക്കി |
| 3 | വട്ടക്കൊവ്വൽ അമ്പു | 22500 | 30000 | - | മേൽക്കൂരപൂർത്തിയായി |
| 4 | ബോബി ടി.ജെ. | 22500<br>19.4.10 | 30000<br>15.5.10 | - | ചുമർ പൂർത്തിയാക്കി |
| 5 | പി.കെ. ലക്ഷ്മിക്കുട്ടി | 22500<br>16.9.10 | - | - | ഒന്നും ചെയ്തിട്ടില്ല |
| 6 | ആണ്ടൂർ ഉഷ | 22500<br>20.4.12 | - | - | തറ പൂർത്തിയാക്കി |
| 7 | ദേവകി കെ. വി. | 22500<br>11.3.11 | 30000<br>26.8.11 | - | തറ വിസ്തീർണ്ണം കൂടുതൽ |
| 8 | രമേശൻ സി. വി. | 10000<br>21.7.10 | 20000<br>12.3.10 | 40000<br>11.3.11 | ചുമർ പൂർത്തിയായി |

സ.ഉ.(എം എസ്)നമ്പർ 362/2013/തസ്വഭവ തീയ്യതി 16-11-2013 പദ്ധതി മാർഗ്ഗരേ സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക 3.6(8) പ്രകാരം പണി പൂർത്തീകരിക്കാത്ത വീടുകൾക്ക് 17-02-2011-ലെ സ.ഉ.(സാധാ)നം.497/2011 ഉത്തരവിലെ നിബന്ധനകൾക്ക് വിധേയമായി ധനസഹായം നൽകാവുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ആയത് പ്രകാരം ഭവന നിർമ്മാണം പൂർത്തികരിക്കുന്നതിനുള്ള നടപടി സ്വീകരിക്കാവുന്നതാണ്.

## 3-11 ഭവന പുനരുദ്ധാരണം അഡ്വാൻസ് നൽകിയത്- തുടർനടപടി സ്വീകരിക്കേണ്ടതാണ്.

2015-16 വർഷം താഴെ പട്ടികയിൽ കൊടുത്ത ഗുണഭോക്താക്കൾ ഭവനപുനരുദ്ധാരണ ധനസഹായത്തിന്റെ ആദ്യ ഗഡുക്കൾ കൈപ്പറ്റിയിട്ടുണ്ട്. എന്നാൽ നാളിതു വരെയായി ഭവനപുനരുദ്ധാരണ പ്രവൃത്തി പൂർത്തീകരിച്ച് ബാക്കി തുക വാങ്ങിയിട്ടില്ല. ഇത് സംബന്ധിച്ച് വിശദവിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | ആദ്യ ഗഡു തുക | ഡിഡി നമ്പർ/ തീയ്യതി | നൽകാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| 1 | കെ.വി. മാധവി | 12,500 | 371138/20-02-2016 | 12,500 |
| 2 | പാനോത്ത് നാരായണൻ | 12,500 | 371142/20-02-2016 | 12,500 |
| 3 | രാജു സി. കെ. | 12,500 | 371148/20-02-2016 | 12,500 |

മേൽ കൊടുത്ത പ്രകാരം ഭവനപുനരുദ്ധാരണത്തിനുള്ള ആദ്യ ഗഡു കൈപ്പറ്റി പുനരുദ്ധാരണ പ്രവൃത്തി പൂർത്തിയാക്കാതിരിക്കുന്ന ഗുണഭോക്താക്കളുടെ ഭവനപുനരുദ്ധാരണ പ്രവൃത്തി അടിയന്തിരമായി പൂർത്തികരിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. അല്ലാത്ത പക്ഷം മുൻകൂർ നൽകിയ തുക തിരിച്ചു പിടിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 3-12 മെഡിക്കൽ ഓഫീസർ പി.എച്ച്.സി നിർവ്വഹണം നടത്തിയ പദ്ധതി - അപാകതകൾ

1) അംഗപരിമിതർക്ക് ഉപകരണങ്ങൾ നൽകൽ - ലൈസൻസ് സംബന്ധിച്ച രേഖകൾ ഹാജരാക്കിയില്ല:

പ്രോജക്ടിന്റെ പേര് - അംഗപരിമിതർക്ക് ഉപകരണങ്ങൾ നൽകൽ

പ്രോജക്ട് നമ്പർ - 149/16

അടങ്കൽ - 1,00,000/- (വികസന ഫണ്ട്)

1,50,000/- (മറ്റുള്ളവ)

ബിൽ നമ്പർ/തീയ്യതി - 11/15-16 തുക 1,00,000/- തീയതി 28.03.16

ബിൽ നമ്പർ/തീയ്യതി - 12/15-16 തുക 1,50,000/- തീയതി 29.03.16

മേൽ പദ്ധതിയുമായി ബന്ധപ്പെട്ട് പഞ്ചായത്തിലെ രണ്ട് ഗുണഭോക്താകൾക്ക് (ശ്രീധരൻ, എരമം,

ലതിക പി.പി, പുതിയ വിട്ടിൽ, മാതമംഗലം) 125 cc mahindra rodeo uzo model scooter വാങ്ങി നൽകിയിട്ടുണ്ട്. എന്നാൽ മേൽ ഗുണഭോക്താക്കൾക്ക് ലൈസൻസ് ലഭിച്ചതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.4/27-12-16) ലഭ്യമാക്കിയ മറുപടിയിൽ ലതിക പി.പി. എന്നവർ ഇപ്പോൾ വാഹനം ഓടിക്കുന്നതിനുള്ള പരിശീലനത്തിലാണ് എന്നും ജനുവരി മാസം ടെസ്റ്റിന് പോകുമെന്നും അറിയിച്ചിട്ടുണ്ട്. ശ്രീധരൻ എന്ന ഗുണഭോക്താവ് അസുഖത്തെ തുടർന്ന് ദീർഘനാളായി ചികിത്സയിലാണെന്ന് അറിയുവാൻ കഴിഞ്ഞു. ഭാവിയിൽ ഇത്തരം പദ്ധതി നടപ്പിലാക്കുമ്പോൾ ഗുണഭോക്താക്കൾ ലൈസൻസ് കരസ്ഥമാക്കുന്നുണ്ട് എന്നും, ഗുണഭോക്താക്കൾ വാഹനം ഉപയോഗിക്കുന്നുണ്ട് എന്നും ഉറപ്പു വരുത്തേണ്ടതാണ്.

2) <u>സംയുക്ത പ്രോജക്ട് നടപ്പിലാക്കുമ്പോൾ സർക്കാർ നിർദ്ദേശം പാലിക്കുന്നില്ല:</u>

പ്രോജക്ട് നമ്പർ – 1219/15, അംഗപരിമിതർക്ക് ഉപകരണങ്ങൾ നൽകൽ

ബിൽ നമ്പർ/തീയ്യതി – 11/15-16 തുക 1,00,000/- തീയതി 28.03.16

ബിൽ നമ്പർ/തീയ്യതി – 12/15-16 തുക 50,000/- തീയതി 29.03.16

2015-16 വർഷം മെഡിക്കൽ ഓഫീസർ 1,00,000/- രൂപ വികസന ഫണ്ടിൽ നിന്നും, 1,00,000/- രൂപ ജില്ലാപഞ്ചായത്ത് വിഹിതവും, 50,000/-രൂപ ബ്ലോക്ക് പഞ്ചായത്ത് വിഹിതവും വകയിരുത്തിക്കൊണ്ട്, 2,11,836/- രൂപയ്ക്ക് കെൽട്രോൺ, കല്ല്യാശ്ശേരി എന്ന സ്ഥാപനത്തിൽ നിന്നും "അംഗ പരിമിതർക്ക് ഉപകരണങ്ങൾ നൽകൽ" എന്ന പദ്ധതിക്കു വേണ്ടി ഉപകരണങ്ങൾ വാങ്ങിയിട്ടുണ്ട്. എന്നാൽ ജില്ലാ പഞ്ചായത്ത് വിഹിതമായ 1,00,000/- രൂപ പദ്ധതിക്കു വേണ്ടി ലഭ്യമായിട്ടില്ല. ജി.ഒ (എം.എസ്)362/2013/തസ്വഭവ/16.11.2013 ഉത്തരവ് പ്രകാരം കരട് പദ്ധതിരേഖ തയ്യാറാക്കുന്നതിന് മുമ്പായി, സംയുക്ത പ്രോജക്ടുകളുടെ കാര്യത്തിൽ തീരുമാനമെടുക്കുന്നതിനായി ഒരു പ്രത്യേക യോഗം ജില്ലാതലത്തിൽ ചേരേണ്ടതാണ്. ഈ യോഗത്തിൽ വെച്ച് സംയുക്ത പ്രോജക്ടുകളുടെ കാര്യവും തുകയും തീരുമാനിക്കണം. എന്നാൽ ഇത്തരത്തിൽ യോഗം ചേർന്ന് തീരുമാനമെടുത്തതായി കാണുന്നില്ല. ഇത് സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.4/27.12.16) ലഭ്യമാക്കിയ മറുപടിയിൽ സപ്ലൈ ഓർഡർ നൽകി പ്രൊഫോർമ ഇൻവോയിസ് ലഭിച്ച് ഫണ്ടിന് ആവശ്യപ്പെട്ട സമയത്താണ് ജില്ലാപഞ്ചായത്ത് വിഹിതമായ ഒരു ലക്ഷം രൂപയുള്ള പ്രൊജക്ട് ജില്ലാ സാമൂഹ്യ നീതി ഓഫീസ് വകയിരുത്തിയിട്ടില്ല എന്നാണ് അറിയിച്ചത്. ഇതേ തുടർന്ന് 2016-17 വർഷം പ്രൊജക്ട് ഗ്രാമപഞ്ചായത്ത് സ്പിൽ ഓവർ പദ്ധതിയിൽ ഉൾപ്പെടുത്തി പൂർത്തിയാക്കിയിട്ടുണ്ട്. ഭാവിയിൽ പ്രോജക്ട് തയ്യാറാക്കുമ്പോൾ പദ്ധതി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

സർക്കാർ ഉത്തരവ് പാലിക്കുന്നതിൽ നിർവ്വഹണ അധികാരിക്കുള്ള വീഴ്ച ശ്രദ്ധയിൽപ്പെടുത്തുന്നു.

3) <u>പാലിയേറ്റിവ് കെയർ പദ്ധതി - രോഗികളെ സന്ദർശിക്കൽ - സർക്കാർ നിർദ്ദേശം പാലിക്കുന്നില്ല:</u>

പ്രോജക്ടിന്റെ പേര് – സാന്ത്വന പരിചരണം

പ്രോജക്ട് നമ്പർ – 70/16

അടങ്കൽ – 3,00,000/- (വികസന ഫണ്ട്)

- 1,00,000/- (മറ്റുള്ളവ)

ചെലവ് - 2,74,971/-

പാലിയേറ്റിവ് കെയർ പദ്ധതിയുമായി ബന്ധപ്പെട്ട് 29-10-15-ലെ സ.ഉ.(സാധാ)നം.3217/2015/ തസ്വഭവ ഉത്തരവ് പ്രകാരം ഹോം കെയർ ടീ അംഗങ്ങൾ രോഗികളെ ആഴ്ചയിൽ നാലു ദിവസവും, മാസത്തിൽ 16 ദിവസമെങ്കിലും സന്ദർശിക്കണമെന്ന് നിർദ്ദേശിക്കുന്നുണ്ട്. എന്നാൽ പാലിയേറ്റിവ് കെയർ പദ്ധതിയുമായി ബന്ധപ്പെട്ട് പഞ്ചായത്തിൽ നടപ്പിലാക്കിയ മേൽ പദ്ധതി പ്രകാരം നവംബർ, ഡിസംബർ, മാർച്ച് മാസങ്ങളിൽ പത്ത് ദിവസവും, ജനവരി മാസം ഒരു ദിവസവും, ഫിബ്രവരി മാസം ഒൻപത് ദിവസവും മാത്രമാണ് വീട്ടുകളിൽ സന്ദർശനം നടത്തിയതായി കാണുന്നത്. മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 4/27.12.16)ന് ലഭ്യമാക്കിയ മറുപടിയിൽ പ്രോജക്ട് പ്രകാരം പത്ത് ഹോം കെയർ എന്ന തോതിലാണ് ഫണ്ട് വകയിരുത്തിയത് എന്നും, പുതിയ ഉത്തരവ് വന്നതിനു ശേഷം രോഗികളുടെ ലിസ്റ്റ് 60 ദിവസത്തിനകം വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചതിനു ശേഷമേ ഫണ്ട് ചെലവുകൾ നിർവ്വഹിക്കാവു എന്ന നിർദ്ദേശമുണ്ടായിരുന്നതിനാൽ ഹോം കെയർ സന്ദർശനം വാഹനം ഉപയോഗിക്കാതെയാണ് നടത്തിയത് എന്നും അറിയിച്ചിട്ടുണ്ട്. സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചു കൊണ്ട് പ്രോജക്ടുകൾ നടപ്പാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-13 പദ്ധതി മാർഗ്ഗരേഖയിൽ പ്രതിപാദിക്കാത്ത ഇനങ്ങൾ നടപ്പിലാക്കി - ചെലവ് തുക തടസപ്പെടുത്തുന്നു.

(1) പ്രോജക്ട് നമ്പർ - 56/16

നിർവ്വഹണ ഉദ്യോഗസ്ഥൻ - ഹെഡ്മാസ്റ്റർ

പ്രോജക്ടിന്റെ പേര് - സ്മരണീയ ദിനാചരണ ക്വിസ്-മെഗാ ക്വിസ്

വകയിരുത്തിയ തുക - ₹20,000/- (വികസന ഫണ്ട്)

ചെലവ് തുക - ₹ 20,000

ബിൽ നമ്പർ/തീയ്യതി - 3/15-16 തീയ്യതി 22-03-2016

ഗ്രാമപഞ്ചായത്തിലെ വിവിധ സ്കൂളുകളിലെ കുട്ടികളിൽ ക്വിസ്, മെഗാ ക്വിസ്, ചോദ്യ നിർമ്മാണം-വിതരണം, പ്രതിഭ സംഗമം എന്നിവയ്ക്കാണ് പദ്ധതി പ്രകാരം ചെലവ് ചെയ്തിട്ടുള്ളത്.

(2) പ്രോജക്ട് നമ്പർ - 61/16

പ്രോജക്ടിന്റെ പേര് - എൽഎസ്എസ്/യുഎസ്എസ് കുട്ടികൾക്കുള്ള പ്രത്യേക പരിശീലനവും മാതൃക പരീക്ഷ സംഘാടനവും.

വകയിരുത്തിയ തുക - ₹33,000 ധനകാര്യകമ്മീഷൻ ഗ്രാന്റ്

ചെലവ് തുക - ₹33,000

ബിൽ നമ്പർ/തീയ്യതി - 7/15-16 തീയ്യതി 21-03-2016

ഗ്രാമപഞ്ചായത്തിലെ വിവിധ സ്കൂളുകളിലെ കുട്ടികൾക്ക് എൽഎസ്എസ്/യുഎസ്എസ് പരീക്ഷ

പരിശീലനം, റിഫ്രഷ്മെന്റ് എന്നീ ഇനങ്ങൾക്കാണ് പദ്ധതി പ്രകാരം ചെലവ് ചെയ്തിട്ടുള്ളത്.

2015-16 വർഷത്തെ പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട മാർഗ്ഗരേഖ ജി.ഒ.(എം.എസ്)362/2013/ തസ്വഭവ തീയതി 06.11.2013 പ്രകാരം മുകളിൽ സൂചിപ്പിച്ച (ഖണ്ഡിക 2.2) പ്രതിപാദിച്ച ഇനങ്ങൾക്ക് ചെലവ് ചെയ്യുന്നതിന് അനുമതി നൽകിയിട്ടില്ല. ഇപ്രകാരം പദ്ധതി മാർഗ്ഗരേഖയിൽ പ്രതിപാദിച്ചിട്ടില്ലാത്ത ഇനത്തിന് പണം ഉപയോഗിക്കണമെങ്കിൽ സർക്കാരിന്റെ മുൻകൂർ അനുമതി വാങ്ങേണ്ടതുണ്ട്. ഇപ്രകാരം പദ്ധതി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി ചെലവ് ചെയ്ത 53,000/- രൂപ തടസപ്പെടുത്തുന്നു. ഇത്തരം പദ്ധതികൾക്ക് ചെലവ് ചെയ്യാൻ അനുമതി നൽകുന്ന ഉത്തരവുകൾ ഹാജരാക്കേണ്ടതാണ്.

## 3-14 സംയുക്ത പ്രൊജക്ടുകൾക്ക് നൽകിയ ഉപയോഗിക്കാതെ ബാക്കിയുള്ള തിരിച്ച് നൽകേണ്ടതാണ്.

2014-15 വർഷം ഗ്രാമപഞ്ചായത്ത് നടപ്പിലാക്കുന്ന സംയുക്ത പ്രൊജക്ടുകൾക്ക് ജില്ലാ പഞ്ചായത്തിൽ നിന്നും ബ്ലോക്ക്പഞ്ചായത്തിൽ നിന്നും ഫണ്ട് ലഭിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത പ്രൊജക്ടുകൾ പൂർത്തീകരിച്ചതിനു ശേഷം ബാക്കിയുള്ള ജില്ലാപഞ്ചായത്ത്, ബ്ലോക്ക്പഞ്ചായത്ത് വിഹിതങ്ങൾ ഇപ്പോഴും ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ നീക്കി ബാക്കിയായുണ്ട്. ഇത് സംബന്ധിച്ച വിശദവിവരം ചുവടെ കൊടുക്കുന്നു.

| ഫണ്ട് ലഭിച്ച വർഷം | പ്രൊജക്ട് നമ്പർ | പ്രൊജക്ടിന്റെ പേര് | ഫണ്ട് നൽകിയ സ്ഥാപനം | ബാക്കിയായ തുക |
|---|---|---|---|---|
| 2014-15 | 15/2015 | പെയിൻ ആന്റ് പാലിയേറ്റീവ് | ജില്ലാ പഞ്ചായത്ത് | 1,326 |
| 2014-15 | 15/2015 | പെയിൻ ആന്റ് പാലിയേറ്റീവ് | ബ്ലോക്ക് പഞ്ചായത്ത് | 432 |
| 2014-15 | 156/2015 | അംഗപരിമിതർക്ക് ഉപകരണം വിതരണംചെയ്യൽ | ബ്ലോക്ക് പഞ്ചായത്ത് | 34,246 |
| | | | ആകെ | 36,004 |

പ്രസ്തുത പദ്ധതികൾ പൂർത്തീകരിച്ചതിനാൽ ബാക്കിയുള്ള തുക ബന്ധപ്പെട്ട സ്ഥാപനങ്ങളിലേക്ക് തിരികെ നൽകാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 3-15 (എ) കാലിത്തീറ്റ വിതരണം - രേഖകൾ ലഭ്യമാക്കിയില്ല - 2,00,000/- രൂപ തടസ്സപ്പെടുത്തുന്നു

നിർവ്വഹണ ഉദ്യോഗസ്ഥൻ - വെറ്ററിനറി സർജ്ജൻ

പ്രോജക്ടിന്റെ പേര് - കാലിത്തിറ്റ വിതരണം

പ്രോജക്ട് നമ്പർ - 121/16

അടങ്കൽ - 2,00,000/- (വികസന ഫണ്ട്)

1,00,000/- (മറ്റുള്ളവ)

ബിൽ നമ്പർ/തീയ്യതി - 9/15-16 തുക 2,00,000/- തീയതി 26.03.2016

പഞ്ചായത്തിലെ ക്ഷീര സംഘങ്ങളിൽ പാലു നൽകുന്ന കർഷകരെ പ്രോത്സാഹിപ്പിക്കാനും പാലുല്പാദനവ് വർദ്ധിപ്പിക്കുന്നതിനും വേണ്ടി നടപ്പിലാക്കിയ മേൽ പദ്ധതി പ്രകാരം പഞ്ചായത്തിലെ നാല് ക്ഷീരോല്പാദക സംഘങ്ങൾക്ക് കാലിത്തീറ്റ വിതരണം ചെയ്യുന്നതിനു വേണ്ടി 2,00,000/- രൂപ നൽകിയിട്ടുണ്ട്. ക്ഷീര കർഷകൻ ക്ഷീരസംഘത്തിൽ നൽകുന്ന ഒരു ലിറ്റർ പാലിന് 3/- രൂപ തോതിൽ കണക്കാക്കി അത്രയും തുകയ്ക്കുള്ള കാലിത്തീറ്റ ഓരോ മാസവും നൽകാവുന്നതാണ് എന്ന് ജി.ഒ.(എം.എസ്)362/2013/തസ്വഭവ/16.11.2013-ലെ ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ക്ഷീര സംഘത്തിൽ നൽകുന്ന പാലിന്റെ അളവ് സംബന്ധിച്ച രേഖകൾ ഹാജരാക്കിയിട്ടില്ല. കൂടാതെ മേൽ ഉത്തരവ് പ്രകാരം കർഷകർക്ക് കാലിത്തീറ്റ വിതരണം ചെയ്യുന്നത് മിൽമ കാലീത്തീറ്റ/കേരള ഫീഡ്സ് ആയിരിക്കണം എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ കാലിത്തീറ്റ വാങ്ങിയതുമായി ബന്ധപ്പെട്ട രേഖകൾ പരിശോധനയ്ക്ക് ലഭിച്ചിട്ടില്ല. രേഖകളുടെ അഭാവത്തിൽ പദ്ധതിക്ക് വേണ്ടി ചെലവഴിച്ച 2,00,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

(ബി) മാർഗ്ഗരേഖ നിർദ്ദേശം പാലിക്കാതെ പദ്ധതി നടപ്പിലാക്കി

നിർവ്വഹണ ഉദ്യോഗസ്ഥൻ - വെറ്ററിനറി സർജ്ജൻ

പ്രോജക്റ്റിന്റെ പേര് - ആട്ട വളർത്തൽ (പട്ടിക ജാതി വിഭാഗം)

പ്രോജക്റ്റ് നമ്പർ - 132/16

അടങ്കൽ - 1,92,000/- (വികസന ഫണ്ട്)

96,000/- (മറ്റുള്ളവ)

ബിൽ നമ്പർ/തീയ്യതി - 3/15-16 തുക 1,92,000/- തീയതി 11.02.2016

മേൽ പ്രോജക്റ്റ് പ്രകാരം ഗ്രാമപഞ്ചായത്തിലെ പട്ടികജാതിക്കാരായ 16 ഗുണഭോക്താക്കൾക്ക് ആട്ടുകളെ നൽകിയിട്ടുണ്ട്.

ജി.ഒ.(എം.എസ്)362/2013/തസ്വഭവ/16.11.2013 ഉത്തരവ് പ്രകാരം പർച്ചേസ് നടപടിക്രമങ്ങൾ പാലിച്ചു കൊണ്ട് ഗുണഭോക്താകളും, ഒരു ജനപ്രതിനിധിയും, നിർവ്വഹണ ഉദ്യോഗസ്ഥൻ കൺവീനറുമായുള്ള 7 പേരടങ്ങുന്ന സമിതിയായിരിക്കണം വാങ്ങൽ നടത്തേണ്ടത് എന്നും, ആട്ടുകളെ ആരുടെ പക്കൽ നിന്നാണോ വാങ്ങുന്നത് അവരുടെ പേരിലാണ് സബ്സിഡി ഡിമാന്റ് ഡ്രാഫ്റ്റായോ, ചെക്കായോ നൽകേണ്ടത് എന്നും, വാങ്ങുന്ന ആട്ടുകൾക്ക് കുറഞ്ഞത് 10 കി.ഗ്രാം ഭാരം ഉണ്ടായിരിക്കണം എന്നും വാങ്ങുന്ന ആട്ടുകളെ കുറഞ്ഞത് 3 വർഷമെങ്കിലും വളർത്തുമെന്ന് കരാർ വെയ്ക്കേണ്ടതാണ് എന്നും നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ ആട്ടുകളെ വാങ്ങുന്നതിന് ഇത്തരത്തിൽ ഒരു സമിതി രൂപീകരിച്ചതായി കാണുന്നില്ല. ആട്ടുകളുടെ വില ഗുണഭോക്താവിന് നേരിട്ട് നൽകുകയാണ് ചെയ്തിട്ടുള്ളത്. ആട്ടുകളുടെ തൂക്കം വെറ്ററിനറി സർജ്ജൻ സാക്ഷ്യപ്പെടുത്തിയിട്ടില്ല. ഗുണഭോക്താക്കൾ നിർവഹണ ഉദ്യോഗസ്ഥനുമായി കരാറിൽ ഏർപ്പെട്ടിട്ടില്ല. ഇത് സർക്കാർ ഉത്തരവുകളുടെ നഗ്നമായ ലംഘനമായതിനാൽ നിർവ്വഹണ ഉദ്യോഗസ്ഥൻ വ്യക്തമായ

വിശദീകരണം നൽകേണ്ടതാണ്.

## 3-16 ആശ്രയ പദ്ധതി അവലോകനം

എരമം-കുറ്റൂർ ഗ്രാമപഞ്ചായത്തിന്റെ 30-07-2007 തീയതിയിലെ 56/2007 നമ്പർ തീരുമാന പ്രകാരം 96 ഗുണഭോക്താക്കളുടെ ലിസ്റ്റ് അംഗീകരിക്കുകയും പദ്ധതി 2007-08 മുതൽ 2009-10 വരെ വർഷങ്ങളിൽ നടപ്പാക്കാൻ തീരുമാനിക്കുകയും ചെയ്തു. ഒന്നാംഘട്ടത്തിൽ 41,27,700/- രൂപ അടങ്കലോടു കൂടിയ പദ്ധതി വിഭാവനം ചെയ്തിരുന്നു. പദ്ധതിക്കായി ചലഞ്ച് ഫണ്ടിനത്തിൽ 11,15,304/- രൂപ ലഭിച്ചതിൽ 7,37,864/- രൂപ ഭക്ഷണച്ചെലവിനത്തിലും, 90,859/- രൂപ ചികിത്സയ്ക്കും ഉൾപ്പെടെ 8,28,723/- രൂപ നാളിതുവരെ ചെലവഴിച്ചിട്ടുണ്ട്. വികസന ഫണ്ടിൽ നിന്നും തുകയൊന്നും തന്നെ ചെലവഴിച്ചിട്ടില്ല. ഒന്നാംഘട്ട പ്രോജക്ട് പ്രകാരം വീടു വെക്കാൻ സ്ഥലം ആവശ്യമുള്ള 13 പേരിൽ 9 പേർക്കും വീട് ആവശ്യമുള്ള 55 പേരിൽ 28 പേർക്കും ആനുകൂല്യം നൽകിയിട്ടുണ്ട്. രണ്ടാം ഘട്ട പ്രോജക്ട് പ്രകാരം 11 ഗുണഭോക്താക്കളെ കണ്ടെത്തിയതിൽ കക്കൂസ് ആവശ്യമുള്ള 11 പേരിൽ 11 പേർക്കും ആനുകൂല്യം നൽകിയിട്ടുണ്ട്. കുടിവെള്ള സൗകര്യം ആവശ്യമുള്ള 10 പേരിൽ ആർക്കും തന്നെ കുടിവെള്ള സൗകര്യം നൽകിയിട്ടില്ല. പദ്ധതി പ്രകാരം അർഹരായ മുഴുവൻ ഗുണഭോക്താക്കൾക്കുംആനുകൂല്യം നൽകാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 3-17 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി - അവലോകനം

ഗ്രാമീണ മേഖലയിൽ തൊഴിൽ എടുക്കാൻ സന്നദ്ധരായ അവിദഗ്ധ തൊഴിലാളികൾ ഉള്ള കുടുംബത്തിന് ഒരു സാമ്പത്തിക വർഷം കുറഞ്ഞത് 100 ദിവസമെങ്കിലും തൊഴിൽ ലഭ്യമാക്കി അവരുടെ ജീവിത നിലവാരം ഉയർത്തുന്നതിനാണ് തൊഴിലുറപ്പ് പദ്ധതി ആരംഭിച്ചിട്ടുള്ളത്. സമൂഹത്തിലെ പാവപ്പെട്ടവരും പാർശ്വവൽക്കരിക്കപ്പെട്ടവരുമായ ആദിവാസികൾ, എസ്.സി, എസ്.ടി, ബി.പി.എൽ. വിഭാഗത്തിൽപ്പെട്ടവരുടെ സാമ്പത്തിക സുരക്ഷിതത്വവും സാമൂഹിക പുരോഗതിയുമാണ് പദ്ധതി ലക്ഷ്യമിടുന്നത്.

എരമം-കുറ്റൂർ ഗ്രാമപഞ്ചായത്ത് 2015-16 വർഷത്തിൽ ലേബർ ബജറ്റ് പ്രകാരം നിർദ്ദേശിച്ച 324 പ്രവൃത്തികളിൽ 125 എണ്ണം മാത്രമാണ് തൻവർഷം നടപ്പാക്കിയിട്ടുള്ളത്.

3638 കുടുംബങ്ങൾ പദ്ധതി പ്രകാരം തൊഴിലിനായി രജിസ്റ്റർ ചെയ്തതിൽ 1791 പേർ മാത്രമാണ് തൊഴിൽ ആവശ്യപ്പെട്ടിട്ടുള്ളത്. തൊഴിൽ ആവശ്യപ്പെട്ട 1791 കുടുംബങ്ങളിൽ 1598 കുടുംബങ്ങൾ മാത്രമാണ് തൊഴിൽ ചെയ്യാൻ സന്നദ്ധരായിട്ടുള്ളത്. ആകെ 42900 തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ചതിൽ 23 പേർക്ക് മാത്രമാണ് 100 തൊഴിൽ ദിനങ്ങൾ ലഭിച്ചിട്ടുള്ളത്. പദ്ധതി വിഭാവനം ചെയ്യുന്ന പ്രധാന ലക്ഷ്യം നിറവേറ്റുന്നതിനായി രജിസ്റ്റർ ചെയ്ത മുഴുവൻ കുടുംബങ്ങൾക്കും 100 ദിവസം തൊഴിൽ ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

3638 കുടുംബങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെങ്കിലും 1791 പേർ മാത്രമാണ് തൊഴിലിനായി അപേക്ഷിച്ചിട്ടുള്ളത്. രജിസ്റ്റർ ചെയ്തതിൽ 50%ൽ കുറവ് ആളുകൾ മാത്രമാണ് തൊഴിൽ

ആവശ്യപ്പെട്ടിട്ടുള്ളത്. ചെറുകിട നാമമാത്ര കർഷകരുടെ ഭൂമിയിൽ പ്രവൃത്തികൾ നടത്തുന്നതിന് പ്രസ്തുത ഭൂവുടമകൾ തൊഴിൽ കാർഡ് ലഭിച്ച ആളും പ്രസ്തുത പ്രവൃത്തിയിൽ പണി എടുക്കുന്ന ആളും ആയിരിക്കണമെന്ന് വ്യവസ്ഥയുള്ളതിനാൽ ഈ ആവശ്യത്തിലേക്ക് മാത്രമായാണോ കൂടുതൽ പേരും പദ്ധതിയിൽ രജിസ്റ്റർ ചെയ്തിട്ടുള്ളത് എന്നും യഥാർത്ഥത്തിൽ തൊഴിൽ ആവശ്യമുള്ളവർ തന്നെയാണോ രജിസ്റ്റർ ചെയ്തിട്ടുള്ളത് എന്നും പരിശോധിക്കപ്പെടേണ്ടതാണ്. ആസ്തി വികസനത്തിന് ഉതകുന്ന പ്രവൃത്തികളൊന്നും തന്നെ നടപ്പാക്കിയിട്ടില്ല.

## 3-18 ടിഎസ്പി ഫണ്ട് ലഭിക്കുന്നില്ല.

ഗ്രാമപഞ്ചായത്തിൽ 2001-ലെ സർവ്വേ പ്രകാരം 7 പട്ടികവർഗ കുടുംബങ്ങളാണ് ഉണ്ടായിരുന്നത്. ഈ സർവ്വേ പ്രകാരമുള്ള തുകയാണ് ഗ്രാമപഞ്ചായത്തിന് ലഭിച്ചുവരുന്നത്. എന്നാൽ മലവേട്ടുവ സമുദായത്തെ പട്ടികവർഗത്തിൽ ഉൾപ്പെടുത്തിയതിന് ശേഷം നിലവിൽ 256 കുടുംബങ്ങൾ ഉണ്ട്. അടിസ്ഥാന സൗകര്യ വികസനം, വിദ്യാഭ്യാസം, ഭവന നിർമ്മാണം, സ്വയം തൊഴിൽ പദ്ധതികൾ എന്നിവ ഈ വിഭാഗത്തിന് ആവശ്യമാണ്. എന്നാൽ ഇതിന് ആവശ്യമായ ടിഎസ്പി ഫണ്ട് സർക്കാരിൽ നിന്നും പഞ്ചായത്തിന് ലഭിക്കുന്നില്ല. തദ്ദേശസ്വയംഭരണ(ഡിഎ) വകുപ്പിന്റെ 18-5-13-ലെ സ.ഉ.(സാധാ)നം.1321/2013/തസ്വഭവ ഉത്തരവ് പ്രകാരം പട്ടികവർഗ്ഗത്തിലേക്ക് മാറ്റപ്പെട്ടവർക്ക് പ്രത്യേക ഘടകപദ്ധതി വിഹിതത്തിൽ നിന്നും ആനുകൂല്യം നൽകുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ഈ ആനുകൂല്യങ്ങൾ ഉപയോഗിച്ചാണ് ഗ്രാമപഞ്ചായത്തിൽ പദ്ധതികൾ നടപ്പാക്കിവരുന്നത്.

ഗ്രാമപഞ്ചായത്തിലെ പട്ടികവർഗക്കാരായ ആളുകളുടെ ജീവിതസൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് ആവശ്യമായ ടിഎസ്പി ഫണ്ട് വിഹിതം ലഭ്യമാക്കാനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| ക്രമ നം. | വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|---|
| 1 | ജില്ലാ പഞ്ചായത്ത് | 205-16 | 1,00,000 | സാന്ത്വനപരിചരണപരിപാടി | 77,917 | 22,083 |
| | | 2015-16 | 2,31,995 | കായപ്പൊയിൽ അംഗൻവാടി കെട്ടിട നിർമ്മാണം | 2,31,995 | 0 |
| 2 | ബ്ലോക്ക് പഞ്ചായത്ത് | 2015-16 | 50,000 | സാന്ത്വന പരിചരണ പരിപാടി | 50,000 | 0 |

| | | | | | | |
|---|---|---|---|---|---|---|
| | | 2015-16 | 2,38,500 | വികലാംഗ സ്കോളർഷിപ്പ് | 2,02,825 | 35,675 |
| | | 2015-16 | 50,000 | വികലാംഗർക്ക് ഉപകരണങ്ങൾ വാങ്ങൽ | 50,000 | 0 |
| | | 2015-16 | 1,56,982 | കർമ്മസേനയ്ക്ക് ഉപകരണങ്ങൾ വാങ്ങൽ | 1,56,982 | 0 |
| 3 | ശുചിത്വ മിഷൻ | 2015-16 | 5,99,400 | പൈപ്പ് കമ്പോസ്റ്റ് | 5,99,400 | 0 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെഎസ്ഇബി മാതമംഗലം | 11/15, തെരുവുവിളക്ക് മീറ്റർ സ്ഥാപിക്കൽ | 21400788/29-12-14 | 1,64,300 | 0 | 1,64,300 |
| കേരള വാട്ടർ അതോറിറ്റി | 154/16, അംഗൻവാടികൾക്ക് കുടിവെള്ള സൗകര്യം ഒരുക്കൽ | 21500996/11-3-16 | 54,000 | 0 | 54,000 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

| ക്രമ നമ്പർ | കൺവീനറുടെ പേര് | പ്രവൃത്തി | ബിൽ/ വൗച്ചർ/ ചെക്ക് നമ്പർ | തുക | അഡ്ജസ്റ്റ് ചെയ്തത് | ബാക്കി |
|---|---|---|---|---|---|---|
| 1 | ശ്രീ.കെ.എസ്.സജീവ് | 20/16, തോക്കാട് | 21500651/30-11-15 | 50,000 | 50,000 | 0 |

| | | | | | | |
|---|---|---|---|---|---|---|
| | | എടോളി റോഡ് മെച്ചപ്പെടുത്തൽ | | | | |
| 2 | ശ്രീ.പനയന്തട്ട കൃഷ്ണൻ | 23/16, ചെങ്കോൽ ചെക്കിക്കുണ്ട് റോഡ് | 21500652/30-11-15 | 50,000 | 50,000 | 0 |
| 3 | ശ്രീ.രാജേഷ് കുമാർ | 45/16, ശാസ്താംപാറ റോഡ് മെച്ചപ്പെടുത്തൽ | 21500558/28-10-15 | 50,000 | 50,000 | 0 |

## 4-4 വായ്പ/വായ്പ തിരിച്ചടവ്

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടക്കാൻ ബാക്കിയുണ്ടായിരുന്നതുക | തൻവർഷം തിരിച്ചടച്ച തുക (മുതൽ,പലിശ) | വർഷാവസാനം തിരിച്ചടക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| ഇഎംഎസ് ഭവനപദ്ധതി | സ.ഉ.(സാധാ)274/10/ തസ്വഭവ തീയതി 27-10-2010 | 1,02,01,000/- | 35,69,205/- | 31,03,351(മുതൽ) 5,80,517(പലിശ) | 4,65,854 |

## 4-5 സ്ഥിര നിക്ഷേപങ്ങൾ

| | 2015-16 |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 5,000 |
| തൻവർഷം നിക്ഷേപിച്ച തുക | 20,000 |
| ആകെ | 25,000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപം | 25,000 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു.

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| കണ്ണൂർ സഹകരണ ആശുപത്രി സൊസൈറ്റി | 5,000 |
| മലബാർ ടൂറിസം വികസന സഹകരണ സംഘം | 20,000 |
| ആകെ | 25,000 |

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 11,130/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2008-09<br>2009-10<br>2010-11 | 2-4(2) | 11,000 | ശ്രീ.പ്രേംകൃഷ്ണൻ നായർ, ഇൻഡസ് ടവർ | 11503103701/20-1-16 |
| | 5 | 528 | പി.വി.മോഹനൻ | 11503103719/20-01-16 |
| 2011-12 | 2.1 | 3000 | മാനേജിംഗ് പാർട്നർ,കോൾവിന്നർ,പേരൂൽ | 11503102840/30-11-15 |
| | 2.1 | 100 | പി.വി.ബിജേഷ്, ഫർണിച്ചർ ഷോപ്പ് | 11503102781/26-11-15 |
| | 2.1 | 100 | അബൂബക്കർ | 11503102969/8-12-15 |
| | 2.1 | 70 | ഗീത.കെ.വി., മെഡിക്കൽ ഷോപ്പ് | 11503102787/26-11-15 |
| | 2.1 | 1650 | ശോഭ.പി, ഗണേഷ് ഫ്യൂവൽസ് | 11503102847/30-11-15 |
| | 2.1 | 100 | സെക്രട്ടറി, എരമംകുറ്റൂർ സർവീസ് സഹകരണ ബാങ്ക് | 11503102844/28-11-15 |

| | | | | |
|---|---|---|---|---|
| | 2.1 | 50 | കെ.പി.റഫീക്ക് | 11503102783/28-11-15 |
| | 2.1 | 70 | സി.പി.അലി | 11503102782/26-11-15 |
| | 22 | 2000 | കെഎസ്കെ എന്റർപ്രൈസസ് | 11503103103/18-12-15 |
| | 2.2 | 1500 | കെ.വി.വുഡ് ഇൻഡസ്ട്രീസ് | 11503102966/8-12-15 |
| | 3.16 | 5986 | പ്രമോദ് ടി | 1150340009/11-12-15 |
| 2012-13<br>2013-14 | 2.1(ബി) | 278 | ജനറൽ മാനേജർ,<br>ആർഡിഎസ് പ്രോജക്ട് | 11503103293/31-12-15 |
| | ആകെ | 11,130 | | |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2001-02 | 2-9 | 2005-06 | 2-89-1 | സോഡിയം വേപ്പർ ലാമ്പ് റിപ്പയർ ഗുരുതരമായ ക്രമക്കേടുകൾ | തുടരുന്നു |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം:

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 4,03,07,546 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 4,71,28,125 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |

| | | |
|---|---|---|
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 7,83,000 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം:

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക:

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-4 | 2,00,000 | ശ്രീമതി.വത്സല കെ.വി,<br>അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-5 | 1,50,000 | ഡോ.സുബിമോൾ കെ.,<br>മെഡിക്കൽ ഓഫീസർ (ഹോമിയോ) |
| 3-7 | 1,80,000 | ശ്രീമതി.രജിത രാഘവൻ, വി ഇ ഒ |
| 3-13 | 53,000 | ശ്രീ.സി.പി.കെ. ശ്രീധർ, ഹെഡ് മാസ്റ്റർ |
| 3-15 | 2,00,000 | ഡോ.പ്രിയൻ അലക്സ്, വെറ്ററിനറി സർജ്ജൻ |
| ആകെ | 7,83,000 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

ഇല്ല.

## 4-9 ഓഡിറ്റ് ഇംപാക്ട്

2015-16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് വേളയിൽ കണ്ടെത്തിയ താഴെ പറയുന്ന തുക ഓഡിറ്റ് വേളയിൽ തിരിച്ചടച്ചിട്ടുണ്ട്.

| ഓഡിറ്റ് എൻക്വയറി നമ്പർ | ഉത്തരവാദിയായ വരുടെ പേര് | വിഷയം | ഒടുക്കിയ തുക | റസീറ്റ് നമ്പർ/ തീയതി |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 19/15-16 | ശ്രീ.മേലത്ത് കുഞ്ഞഹമ്മദ് കുട്ടി | ഡി & ഒ ഈടാക്കിയതിൽ കുറവു വന്നത് | 700/-രൂ | 11603105162/ 30.12.16 |
| 2/15-16 | ശ്രീമതി.ഉമാദേവി | രശീത് വരവിനത്തിലെ കുറവ് | 6/-രൂ | 11602105090/ 24.12.16 |
| 2/15-16 | ശ്രീ.രാഗേഷ്.ടി.ടി. | ,, | 134/-രൂ | 11603105071/ 24.12.16 |
| 14/15-16 | ശ്രീ .മേലത്ത് കുഞ്ഞഹമ്മദ് കുട്ടി | തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ് | 2,500/-രൂ | 1160310516 30.12.16 |
| | | | ആകെ | 3,340 |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1999-2000 (പദ്ധതി) | എൽഎഫ് കെഎൻആർ/സിഎ156/14(1) തീയതി 17-10-14 | 10 |
| 2000-01 (പദ്ധതി) | എൽഎഫ് കെഎൻആർ/സിഎ156/14(2) തീയതി 17-10-14 | 1 |
| 2000-01 (പദ്ധതിഒഴികെ) | എൽഎഫ് കെഎൻആർ/സിഎ156/14(3) തീയതി 17-10-14 | 2 |
| 2001-02 | എൽഎഫ് കെഎൻആർ/സിഎ156/14(4) തീയതി 17-10-14 | 4 |
| 2002-03 | എൽഎഫ് കെഎൻആർ/സിഎ156/14(5) തീയതി 17-10-14 | 9 |
| 2003-04 | എൽഎഫ് കെഎൻആർ/സിഎ156/14(6) തീയതി 17-10-14 | 2 |

| | | |
|---|---|---|
| 2004-05 | എൽഎഫ് കെഎൻആർ/സിഎ156/14(7)<br>തീയതി 17-10-14 | -- |
| 2005-06 | എൽഎഫ് കെഎൻആർ/സിഎ156/14(8)<br>തീയതി 17-10-14 | 5 |
| 2006-07 | എൽഎഫ് കെഎൻആർ/സിഎ156/14(9)<br>തീയതി 17-10-14 | 6 |
| 2007-08 | എൽഎഫ് കെഎൻആർ/സിഎ15/14(10)<br>തീയതി 17-10-14 | 11 |
| 2008-09<br>2009-10<br>2010-11 | എൽഎഫ് കെഎൻആർ/സിഎ156/14(11)<br>തീയതി 17-10-14 | 36 |
| 2011-12 | എൽഎഫ് കെഎൻആർ/സി4/829/15<br>തീയതി 04-08-15 | 16 |
| 2012-13<br>2013-14 | എൽഎഫ് കെഎൻആർ/സി4<br>/2126/2015<br>തീയതി 04-01-16 | 19 |
| 2014-15 | എൽഎഫ് കെഎൻആർ/സി4/1461/2016<br>തീയതി 10-08-16 | 17 |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

# Annexure-1

# Audit Certificate

No KSA/KNR/C1/3/2017.

KERALA STATE AUDIT DEPARTMENT

DISTRICT AUDIT OFFICE

KANNUR

PHONE 0497-2707698

E-mail: lfaddistofficeknr

Dated : 01.02.2017.

Certified that I have audited the Annual Financial Statement of Eramam-Kuttur Grama Panchayath in Kannur District for the year ended 31.03.16 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of Kerala Panchayath Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayath Raj Institutions.

In my opinion , the Financial Statements of Eramam-Kuttur Grama Panchayath for the year 2015-16 except the observations in my report properly present the picture of income and expenditure (details given in para 1-4)

Deputy Director,

District Audit Office, Kannur.

# ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം.കെഎസ്എ/കെഎൻആർ/സി.1/3/2017.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം,

ഫോൺ 04972707698

ഇ – മെയിൽ lfaddistofficeknr@gmail.com

തീയതി :01.02.2017.

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും കണ്ണൂർ ജില്ലയിലെ എരമം-കുറ്റൂർ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ എരമം-കുറ്റൂർ ഗ്രാമപഞ്ചായത്തിന്റെ 2015-16-ലെ വാർഷിക ധനകാര്യപത്രിക എന്റെ റിപ്പോർട്ടിൽ പരാമർശിച്ച ന്യൂനതകൾ ഒഴികെ വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ ,

ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.